# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

(Volume VII)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ, M. Sc., M. Ed., Ph. D.

J. S. C. Publications
Patriarchal Centre
Puthencruz

2017

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**
(Volume VII)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2017

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout : Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581, 3299030

Copies: 1000

Price Rs. 75/-

# ഉള്ളടക്കം


അവതാരിക ........................................ v

ആമുഖം ........................................ vii

1. വിശുദ്ധ പൗലോസ് ശ്ലീഹായുടെ
ശിഷ്യനായ തീമൊഥിയോസ് ........................................ 1

2. വിശുദ്ധ പൗലോസ് ശ്ലീഹായുടെ
ശിഷ്യനായ വിശുദ്ധ തീത്തോസ് ........................................ 5

3. ലിയോൺസിലെ മെത്രാപ്പോലീത്ത
വിശുദ്ധ ഐറേനിയസ് ........................................ 9

4. എഡേസ്സായിലെ രണ്ടാമത്തെ
മെത്രാപ്പാലീത്ത വിശുദ്ധ അഗ്ഗായി ........................................ 13

5. റോമിലെ എപ്പിസ്കോപ്പ വിശുദ്ധ കാലിസ്റ്റസ് ........................................ 15

6. രക്തസാക്ഷിയായ അപ്പോളോണിയ ........................................ 17

7. നിക്കോമേദിയയിലെ എപ്പിസ്കോപ്പയായ
അന്തീമോസ് ........................................ 19

8. രക്തസാക്ഷിയായ
വിശുദ്ധ അനിസിയ ........................................ 20

9. കന്യകയും രക്തസാക്ഷിയുമായ വിശുദ്ധ ആഗനസ് ........................................ 22

10. രക്തസാക്ഷികളായ
കോസ്മാസും ഡാമിയാനും ........................................ 24

11. രക്തസാക്ഷിയായ
കൈസര്യയിലെ പംഫിലസ് ........................................ 26

12. അലക്സാന്ത്രിയയിലെ
പാത്രിയർക്കീസായ അലക്സാണ്ടർ ........................................ 28

13. റോമിലെ പാത്രിയർക്കീസായ
വിശുദ്ധ സിൽവസ്റ്റർ ഒന്നാമൻ ........................................ 31

14. മൂറായിലെ മെത്രാപ്പോലീത്ത
വിശുദ്ധ സോഖെ (നിക്കോളാവോസ്) ................................ 33

15. നൈട്രിയയിലെ വിശുദ്ധ അമ്മോൻ ........................................ 35

16. രക്തസാക്ഷിയായ ബർ ഹാദ്
ബെശാബോ ശെമ്മാശൻ .......................................................... 38

17. വിശുദ്ധ അബ്രഹാം കിദുനായ് ............................................... 40

18. സന്യാസിയായ
വിശുദ്ധ ഹിലാരിയോൺ.......................................................... 42

19. യെരുശലേമിലെ വിശുദ്ധ സിറിൽ........................................... 45

20. തൂണിന്മേൽ തപസിയായ
വിശുദ്ധ ദാനിയേൽ ................................................................. 48

21. സന്യാസിയായ ഈജിപ്റ്റിലെ
വിശുദ്ധ ജോൺ.......................................................................... 51

22. ഈജിപ്റ്റിലെ വിശുദ്ധ മറിയം................................................ 53

23. അന്ത്യോഖ്യാ പാത്രിയർക്കീസായ
തിയൊഡോറ്റസ്......................................................................... 56

24. കർത്ത്മീൻ ദയറായിലെ
വിശുദ്ധ ശെമവൂൻ.................................................................... 59

25. വിശുദ്ധ മക്സിമസ് ................................................................... 62

26. സെദറകളുടെ യൂഹാനോൻ എന്നറിയപ്പെടുന്ന
ജോൺ രണ്ടാമൻ പാത്രിയർക്കീസ്.......................................... 64

27. കെന്നശ്രീനിലെ മെത്രാപ്പോലീത്ത
മോർ സേവേറിയോസ് സബുക്ക്............................................67

28. നിനുവയിലെ ഇസഹാക്ക് ....................................................... 69

29. എഡേസായിലെ വിശുദ്ധ യാക്കോബ് ...................................72

30. മോർ ശെമവൂൻ സൈത്തൂനി...................................................75

References.....................................................................................77

Name Index - Volume VII ........................................................ 81

General Index - Volume I - VI...................................................83

Other Books by the author .......................................................89

ഗ്രന്ഥകർത്താവ്........................................................................ 95

# അവതാരിക

വന്ദ്യ ഡോ. മാണി രാജൻ കോർ എപ്പിസ്കോപ്പ 2016 ൽ പ്രസിദ്ധീകരിച്ച Martyrs, Saints and Prelates of the Syriac Orthodox Church (Vol. IV) ലെ 50 ജീവചരിത്രങ്ങളിൽ 30 എണ്ണത്തിന്റെ മലയാള പരിഭാഷയായിരുന്നല്ലോ ഇക്കഴിഞ്ഞ വാല്യം VI ന്റെ പ്രതിപാദ്യ വിഷയം. ബാക്കി 20 ജീവചരിത്രങ്ങളോടൊപ്പം ബഹു. അച്ചൻ ഇക്കഴിഞ്ഞ ജൂലായ് ആഗസ്റ്റ് മാസങ്ങളിൽ ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ സമ്പാദിച്ച 10 ജീവചരിത്രങ്ങളും ചേർത്ത് തയ്യാറാക്കിയതാണ് ഈ മലയാള വാല്യം (Vol. VII).

വന്ദ്യ കോറെപ്പിസ്കോപ്പയുടെ ഇത പര്യന്തമുള്ള ശ്രമങ്ങൾ വഴി 250 ജീവചരിത്രസംഗ്രഹങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. ഇംഗ്ലീഷിലും മലയാളത്തിലും ഓരോ വാല്യങ്ങളായി ഇവ പ്രസിദ്ധീകരിക്കുവാൻ വന്ദ്യ കോറെപ്പിസ്കോപ്പ ശ്രമങ്ങൾ തുടങ്ങിയതായും അറിയുന്നത് വളരെ സന്തോഷകരം തന്നെ.

സത്യവിശ്വാസ സംരക്ഷണത്തിനായി നമ്മുടെ പൂർവ്വീക പിതാക്കൾ സഹിച്ചിട്ടുള്ള കഷ്ടതകളും രക്തചൊരിച്ചിലും അവരുടെ ആത്മീക അനുഭൂതികളും ലളിതമായി സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അച്ചൻ കാണിച്ചിട്ടുള്ള ശുഷ്കാന്തി ഏറ്റം പ്രശംസനീയമാകുന്നു. ഇവയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ അവർ പാലിച്ച് നമ്മെ ഏൽപിച്ചിട്ടുള്ള സത്യ വിശ്വാസത്തിൽ ഉറച്ച് നിൽപ്പാനും അതിന്റെ കാവലിനും നിലനിൽപ്പിനും വേണ്ടി പോരാടുവാനും വി.സഭാ മക്കൾക്ക് പ്രചോദനം നൽകും. മാത്രമല്ല തൽ സംബന്ധമായി പ്രവർത്തിപ്പാൻ നമ്മുടെ മേൽ കിടക്കുന്ന ഭാരം ഗ്രഹിപ്പാനും തദനുസരണമായി ആത്മീയ വർദ്ധന വരുത്തുവാനും ഉള്ള പ്രചോദനവും ഇതുവഴി ലഭ്യമാകുന്നു.

ബഹു അച്ചന്റെ ഈ സംരംഭങ്ങളുടെ പുരോഗതി ആദ്യ കാലം മുതൽ ശ്രദ്ധിച്ചിരുന്ന ഒരു അഭ്യുദയകാംക്ഷി എന്ന നില യിൽ ഇതിൽ ഞാൻ അത്യന്തം ആഹ്ലാദിക്കുകയും മേൽപ്പറഞ്ഞ പൂർണ്ണ വാല്യങ്ങൾ കഴിവതും വേഗം പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതിനോടൊപ്പം വി. സഭയിലെ എല്ലാ സൺഡേ സ്കൂൾ ലൈബ്രറികളിലും ഭവന ങ്ങളിലും മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പൂർണ്ണ വാല്യങ്ങൾ വാങ്ങി ഉപയോഗിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**റെവ. ഡോ. സി. എ. നൈനാൻ**

M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും എന്ന പുസ്തകത്തിന്റെ ആദ്യ വാല്യം 2003 ലാണ് പ്രസിദ്ധീകരിച്ചത്. പതിമൂന്ന് വർഷത്തിനുള്ളിൽ രണ്ടു മുതൽ ആറുവരെയുള്ള വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു ദൈവമായ കർത്താവ് കരുണ ചെയ്തു. ഈ പരിശ്രമത്തിൽ ആവശ്യമായ പുസ്തകങ്ങൾ വാങ്ങി തന്നവരുണ്ട്. പ്രസിദ്ധീകരണത്തിന് സാമ്പത്തിക സഹായം തന്നവരുണ്ട്. സർവ്വോപരി ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ചവരുണ്ട്. എല്ലാവരുടേയും പേരുകൾ രേഖപ്പെടുത്തുക അസാദ്ധ്യമാണെങ്കിലും ആദ്യ വാല്യത്തിന്റെ പ്രസിദ്ധീകരണത്തിനു പ്രോത്സാഹിപ്പിക്കുകയും പ്രസിദ്ധീകരണത്തിന്റെ മുഴുവൻ ചെലവുകളും വഹിക്കുകയും ചെയ്ത ഡോ. സി.ഐ. നൈനാൻ സാറിനെ സ്മരിക്കാതെ വയ്യ.

'സുറിയാനി സഭയിലെ രക്തസാക്ഷികളും, പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും' എന്ന പുസ്തകത്തിന്റെ ഏഴാം വാല്യത്തിന്റെ പ്രസിദ്ധീകരണം ജെ.എസ്.ജി. ഏറ്റെടുത്തിരിക്കുന്നു. എന്നാൽ യാക്കോബായ സുറിയാനി സഭയിലെ പല പുസ്തക സ്റ്റാളുകളിലും സുറിയാനി സഭാ വിശ്വാസ സംബന്ധമായ പുസ്തകങ്ങളല്ല വിൽപന നടത്തുന്നത് എന്നത് ഒരു ദുഃഖ സത്യമാണ്. സുറിയാനി സഭാ വിശ്വാസ സംബന്ധമായ പുസ്തകങ്ങൾ ലഭ്യമല്ല എന്ന പല്ലവി ഇക്കാലത്ത് പ്രസക്തമല്ല. ഈടുറ്റ പല പുസ്തകങ്ങളുടെയും പുനഃപ്രസിദ്ധീകരണവും, സംശോധിത പതിപ്പുകളും ഇപ്പോൾ ലഭ്യമാണ്. അവ പ്രചരിപ്പിക്കുകയും വിശ്വാസികൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ട ചുമതല സഭയിലെ പുസ്തക സ്റ്റാളുകൾ നിർവ്വഹിക്കേണ്ടതാണ്.

സണ്ടേസ്കൂളുകളിൽ വാർഷിക പരീക്ഷകൾക്കും മറ്റു മത്സരങ്ങൾക്കും സമ്മാനങ്ങൾ കൊടുക്കുമ്പോൾ സഭാ സംബന്ധമായ പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അര നൂറ്റാണ്ട് മുമ്പ് മഞ്ഞനിക്കര ദയറായിൽനിന്നു പ്രസിദ്ധീകരിച്ച 'വെള്ളി നക്ഷത്രങ്ങൾ', 'മലങ്കര സന്ദർശിച്ചു ഭരിച്ച ശീമക്കാരായ പിതാക്കന്മാർ', 'സ്തുതി ചൊവ്വാക്കപ്പെട്ട സുറിയാനിസഭ', 'ജീവജലം' എന്നീ പുസ്തകങ്ങൾ ഈ ലേഖകൻ സണ്ടേസ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ സമ്മാനമായി കിട്ടിയ അമൂല്യ നിധികളാണ്. അന്ന് ഒരു കുപ്പി പാത്രമോ, പ്ലാസ്റ്റിക് കളിപ്പാട്ടമോ, കൂടുതൽ പ്രിയമായിരുന്നിരിക്കാമെങ്കിലും ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ പുസ്തകങ്ങൾ സമ്മാനമായി കിട്ടിയതിന്റെ അനന്യത വിലമതിക്കുന്നു.

സുറിയാനി സഭയിലെ ചുമതലക്കാരും ഭരണ കർത്താക്കളും വൈദിക ഗണങ്ങളുമെല്ലാം സത്യവിശ്വാസ സംബന്ധമായ പുസ്തകങ്ങൾ അവരുടേതായ ഭരണചുമതല നിർവ്വഹിക്കുന്ന സ്ഥലങ്ങളിൽ പ്രചരിപ്പിക്കുന്നതിന് ഉദ്യമിക്കേണ്ടതാണ്.

സുറിയാനി സഭാവിശ്വാസികൾ മദ്ധ്യപൂർവ്വ ദേശത്ത് കൊടിയ പീഢനങ്ങൾ അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ സുറിയാനി സഭാ പിതാക്കന്മാരുടെ സഭാ ശുശ്രൂഷകളും പഠിപ്പിക്കലുകളും വരും തലമുറ വിസ്മരിക്കാതിരിക്കുന്നതിനും ഈ ജീവചരിത്ര വിവരണങ്ങൾ മുഖാന്തിരമാകുമെന്ന് ആശിക്കുന്നു.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
06 ജനുവരി 2017

# 1. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ശിഷ്യനായ തീമൊഥിയോസ്

(AD ? - c. AD 97?)

തീമൊഥിയോസ് ലൈക്കോണിയയിലെ ലിസ്ട്ര എന്ന സ്ഥലത്ത് ജനിച്ചു (Kitto, 1869; Thurston & Attwater, 1990). തിമൊഥിയോസിന്റെ പിതാവ് ഒരു പുറജാതിക്കാരനും മാതാവായ യുനീക്ക ഒരു യഹൂദ മതാനുസാരിയുമായിരുന്നു (Attwater & John, 1996). യുനീക്കയും വലിയമ്മ ലോവീസും ക്രിസ്തു മതം സ്വീകരിക്കുകയും പൗലോസ് ശ്ലീഹാ അവരുടെ വിശ്വാസത്തെ പ്രകീർത്തിക്കുകയും ചെയ്തിട്ടുണ്ട് (2 തിമൊഥി 1:5).

ഉദ്ദേശം AD 51 ൽ വിശുദ്ധ പൗലോസ് ശ്ലീഹാ ഡർബ്ബിയും ലിസ്ട്രയിലും വന്നപ്പോൾ ഐക്കോണിയയിലേയും ലിസ്ട്രയിലേയും സഹോദരന്മാർ തിമോഥിയോസിന്റെ സ്വഭാവ വൈശിഷ്ട്യത്തെക്കുറിച്ച് നല്ല സാക്ഷ്യം നൽകി (അപ്പോ 16:1–3). അതിനാൽ പൗലോസ് ശ്ലീഹാ തിമൊഥിയോസിനെ തന്റെ നാഥന്റെ വേലയിൽ സഹായിക്കുന്നതിനായി കുടെ കൊണ്ടുപോയി. തിമൊഥിയോസ് പൗലോസ് ശ്ലീഹായെ സുവിശേഷവേലകളിലെല്ലാം സഹായിച്ചു. പൗലോസ് ശ്ലീഹാ തിമൊഥിയോസിനെ പ്രിയപ്പെട്ട മകനെന്നും, സഹോദരനെന്നും, കൂട്ടുവേലക്കാരനെന്നും, ദൈവമനുഷ്യനുമെന്നുമാണ് അഭിസംഭോധന ചെയ്തിരിക്കുന്നത്.

വിശുദ്ധ പൗലോസ് ശ്ലീഹാ തീത്തോസിനെ പരിച്ഛേദന ചെയ്യിച്ചില്ലെങ്കിലും തീമൊഥിയോസ് പരിച്ഛേദനയേറ്റു, കാരണം യഹൂദാമതാനുസാരിയായ യൂനിക്കയിൽനിന്നും ജനിച്ച

തീമൊഥിയോസിന് യഹൂദന്മാരുടെ ഇടയിൽ കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനായിരുന്നു ഇത് (അപ്പോ. 16:3). മാത്രവുമല്ല, യഹൂദന്മാരുടെ നിയമങ്ങളോട് ശത്രുതയില്ലെന്ന് കാണിക്കേണ്ടത് അവശ്യമായിരുന്നു.

പൗലോസ് ശ്ലീഹാ ലിസ്ട്രയിൽനിന്ന് സമുദ്രമാർഗ്ഗം മാസിഡോണിയയിലേക്കുപോകുകയും ഫിലിപ്പ്യ, തെസ്സലോനിക്ക്യ, ബെറിയ എന്നിവിടങ്ങളിൽ സുവിശേഷം അറിയിക്കുകയും ചെയ്തു. ബെറിയയിൽ യഹൂദന്മാർവന്ന് കലഹമുണ്ടാക്കുകയാൽ പൗലോസ് അവിടെനിന്നു യാത്രയാവുകയും ശീലാസും തീമൊഥിയോസും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരെ ഉറപ്പിക്കേണ്ടതിന് അവിടെ തന്നെ താമസിക്കുകയും ചെയ്തു (അപ്പോ. 17:12-14).

തെസ്സലോനിക്യയിലെ ക്രിസ്ത്യാനികൾ വളരെ പീഢയനുഭവിക്കുന്നുവെന്നറിഞ്ഞപ്പോൾ പൗലോസ് ശ്ലീഹാ തീമൊഥിയോസിനെ അവരെ ധൈര്യപ്പെടുത്തേണ്ടതിന് അങ്ങോട്ടയച്ചു. തീമൊഥിയോസ് തന്റെ പ്രവർത്തനങ്ങളുടെ വിജയം അറിയിക്കുന്നതിന് കൊരിന്ത്യയിലായിരുന്ന പൗലോസിന്റെ അടുക്കൽ മടങ്ങിവന്നു. അതേതുടർന്നാണ് പൗലോസ് ശ്ലീഹാ തെസ്സലോനിക്യക്കാർക്കുള്ള ഒന്നാം ലേഖനം എഴുതുന്നത്. കൊരിന്തിൽനിന്ന് പൗലോസ് ശ്ലീഹാ യെരുശലേമിലേക്കും അവിടെനിന്ന് എഫോസോസിലേക്കുപോയി രണ്ടു വർഷം ചിലവഴിക്കുകയും ചെയ്തു. AD 58 ൽ പൗലോസ് ശ്ലീഹാ ഗ്രീസിലേക്കു പോകുവാൻ തീരുമാനിക്കുകയും അതിനു മുമ്പായി തീമൊഥിയോസ്, എറാസ്റ്റസ് എന്നിവരെ മക്കദോന്യയിലേക്ക് അയക്കുകയും ചെയ്തു (അപ്പോ. 19:22). അവിടെ വിശ്വാസികളോട് യെരുശലേമിലെ ക്രിസ്ത്യാനികൾക്കു വേണ്ട ധർമ്മ ശേഖരം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്യേണ്ടതിനുമായിട്ടാണ് അവർ അയക്കപ്പെട്ടത്.

പിന്നീട് തീമൊഥിയോസ് കൊരിന്ത്യയിലേക്ക് പോകുന്നതിന് പൗലോസ് നിർദ്ദേശിച്ചു. അവിടെ അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ പഠിപ്പിച്ച വിശ്വാസ സ്ത്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനായിട്ടാണ് അയക്കപ്പെട്ടത്. തിമോഥി

യോസ് വരുമ്പോൾ നിങ്ങൾ അവനെ കരുതണമെന്നും ഞാൻ ചെയ്യുന്നതുപോലെ കർത്താവിന്റെ വേലയാണവൻ ചെയ്യുന്നതെന്നും കൊരിന്ത്യരെ പൗലോസ് ശ്ലീഹാ ഉൽബോധിപ്പിക്കുന്നുണ്ട് (1 കൊരി 16:10).

വി. പൗലോസ് ശ്ലീഹാ പലസ്തീനിലേക്ക് മടങ്ങിവന്നപ്പോൾ തടവിലാക്കപ്പെടുകയും കൈസര്യയിൽ രണ്ടു വർഷത്തെ കാരാഗ്രഹവാസത്തിനുശേഷം റോമിലേക്കയക്കപ്പെടുകയും ചെയ്തു. തീമൊഥിയോസ് റോമിൽ പൗലോസ് ശ്ലീഹായുടെ കൂടെ ഉണ്ടായിരുന്നതായി മനസ്സിലാക്കാം (ഫിലമോൻ 1:1; ഫിലിപ്പ്യർ 1:1). തീമൊഥിയോസ് ക്രിസ്തുവിനുവേണ്ടി തടവിലാക്കപ്പെടുകയും കർത്താവിന്റെ നാമം മറ്റുള്ളവരുടെ മുമ്പിൽ സാക്ഷിക്കുകയും ചെയ്തു.

വി. യോഹന്നാൻ ശ്ലീഹാ എഫേസൂസിൽ എത്തുന്നതിനുമുമ്പ് പൗലോസ് ശ്ലീഹാ തീമൊഥിയോസിനെ എഫേസൂസിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. തീമൊഥിയോസിനെ എഫേസൂസിലെ ആദ്യത്തെ മെത്രാപ്പോലീത്ത എന്നാണ് വിശേഷിപ്പിക്കുന്നത്. തീമൊഥിയോസിനെ എഫേസൂസിലെ സഭയുടെ ഭരണത്തിനായും പാഷാണ്ഡ ഉപദേശങ്ങളെ എതിർക്കുന്നതിനും വൈദിക സ്ഥാനികളെ നിയമിക്കുന്നതിനുമായി പൗലോസ് ശ്ലീഹാ ചുമതലപ്പെടുത്തി.

AD 65 ൽ പൗലോസ് ശ്ലീഹാ റോമിൽ വന്നശേഷമാണ് തീമൊഥിയോസിനുള്ള രണ്ടാം ലേഖനം എഴുതുന്നത്. അതിൽ ശീതകാലത്തിനു മുമ്പ് വരുന്നതിനു ശ്രമിക്കണമെന്നും (2 തീമൊഥി. 4:21) ട്രോവാസിൽ വച്ച് പോന്ന പുതപ്പും, പുസ്തകങ്ങളും തോൽ ചുരുളുകളും കൊണ്ടു വരണമെന്നും (2 തീമൊഥി 4:13) ആവശ്യപ്പെടുന്നുണ്ട്.

AD 97 ൽ നെർവ ചക്രവർത്തിയുടെ കാലത്ത് (വിഗ്രഹാരാധനക്കാരാൽ) തീമൊഥിയോസ് കല്ലുകളാലും ഗദകളാലും വധിക്കപ്പെട്ടു (Farmer, 1997). വിഗ്രഹാരാധനക്കാരുടെ 'കറ്റഗോഗിയ' എന്നറിയപ്പെടുന്ന ഒരു ഉത്സവത്തിൽ ഒരു കൈയ്യിൽ വിഗ്രഹവും മറ്റെ കയ്യിൽ ഗദയുമായി നടന്നു നീങ്ങിയ ജനകൂട്ടമാണ് തിമൊഥിയോസിനെ വധിച്ചത്. തിമൊ

ഥിയോസ് വിഗ്രഹാരാധനക്കാരുടെ ചടങ്ങുകളെ എതിർത്തിരുന്നു (Kitto, 1869; Thurston & Atwater, 1990). തീമൊഥിയോസിന്റെ മൃതശരീരം അദ്ദേഹത്തിന്റെ ശിഷ്യൻമാർ പട്ടണത്തിനടുത്തുള്ള ഒരു മലമുകളിൽ കബറടക്കി. സ്വർണ്ണനാവുകാരനായ ഈവാനിയോസും, ജറോമും തീമൊഥിയോസിന്റെ കബറിങ്കൽ അനേകം അത്ഭുതങ്ങൾ നടന്നിരുന്നതായി പരാമർശിച്ചിട്ടുണ്ട്. തീമൊഥിയോസിന്റെ ഓർമ്മ ജനുവരി 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 2. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ശിഷ്യനായ വിശുദ്ധ തീത്തോസ്

(AD 11 ? - AD 105?)

ക്രീറ്റ് ദ്വീപിൽ ജനിച്ച തീത്തോസ് ഒരു പുറജാതിക്കാരനായിരുന്നു. ഇദ്ദേഹം പിന്നീട് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചു (Kitto, 1869; Butler, 1903; Britannica, 2016). തീത്തോസ് ഗ്രീക്ക് തത്വവശാസ്ത്രവും, പുരാതന കവികളെക്കുറിച്ചും മറ്റു ശാസ്ത്രങ്ങളും പഠിച്ചു. തീത്തോസിന്റെ സുകൃതജീവിതത്തെക്കുറിച്ചു അഗ്നിമയനായ മോർ ഇഗ്നാത്തിയോസും (d. AD 107) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (https://oca.org/saints/lives/2010/08/25/102393-apostle-titus-of-the-seventy-and-bishop-of-crete).

ആത്മാവിന് രക്ഷ നൽകാൻ കഴിയാത്ത ഗ്രീക്കു തത്വശാസ്ത്രം ഉപേക്ഷിക്കുന്നതിനുള്ള ആഹ്വാനം തീത്തോസിന് ഇരുപതു വയസ്സുള്ളുപ്പോൾ സ്വപ്നത്തിൽ ലഭിക്കുകയുണ്ടായി. അതിനുശേഷം ദൈവത്തിന്റെ ദീർഘദർശിമാരുടെ പഠിപ്പിക്കലുകൾ മനസ്സിലാക്കുന്നതിന് തീത്തോസ് ആഗ്രഹിച്ചു. തീത്തോസ് യെശയ്യപ്രവചനത്തിന്റെ നാൽപത്തിയേഴാം അദ്ധ്യായം ആദ്യമായി തുറന്ന് വായിക്കുകയും അത് സ്വന്ത ജീവിതത്തിന്റെ ആദ്ധ്യാത്മിക അവസ്ഥയെക്കുറിച്ച് തന്നോടു സംസാരിക്കുന്നതായും അനുഭവപ്പെട്ടു. ഏതാണ്ട് അതേ സമയത്ത് തന്നെ പലസ്തീനിൽ ഒരു വലിയ പ്രവാചകൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നതായുള്ള വാർത്ത ക്രീറ്റിൽ പ്രചരിക്കുകയുണ്ടായി. ക്രീറ്റിലെ ഗവർണറായിരുന്ന തീത്തോസിന്റെ അമ്മാവൻ തീത്തോസിനെ അവിടേക്ക് അയച്ചു. ഏറ്റവും വിശുദ്ധയായ കന്യകമറിയാമിൽ നിന്ന് ജനിച്ച നാഥനായ യേശുക്രിസ്തുവായിരുന്നു ആ വലിയ പ്രവാചകൻ.

യെരുശലേമിൽ വച്ച് തീത്തോസ് നാഥനെ കണ്ടു. അവൻ യേശുവിന്റെ വചനം കേൾക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്തു. തീത്തോസ് യേശുക്രിസ്തുവിന്റെ കുരിശുമരണത്തിനു സാക്ഷ്യം വഹിച്ചു. പെന്തിക്കൊസ്തിയിൽ പരിശുദ്ധാത്മാവ് ആവസിച്ച ശേഷം സംസാരിച്ച വിവിധ ഭാഷകളിൽ ക്രീറ്റുകാരുടെ ഭാഷയും ഉണ്ടായിരുന്നു (അപ്പോസ്തോല പ്രവർത്തികൾ 2:11). പിന്നീട് തീത്തോസ് പൗലോസ് ശ്ലീഹായിൽ നിന്ന് മാമോദീസാ ഏറ്റു. പൗലോസ് ശ്ലീഹാ തീത്തോസിനെ തന്റെ മകൻ എന്നാണ് പരാമർശിക്കുന്നത് (തീത്തോസ് 1:4).

വിശുദ്ധ ജെറാം പറയുന്നത് തീത്തോസ് പൗലോസിന്റെ ദ്വിഭാഷിയാണെന്നാണ് (Butler, 1903). പൗലോസ് ശ്ലീഹാ പറയുന്നത് തീത്തോസ് എഴുതുകയും പൗലോസ് ലത്തീൻ ഭാഷയിലെഴുതിയത് തീത്തോസ് ഗ്രീക്കിലേക്ക് ഭാഷാന്തരം ചെയ്തിരുന്നതായും അഭിപ്രായപ്പെടുന്നു (Kitto, 1869). തീത്തോസ് എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളെന്ന അഭിപ്രയാവുമുണ്ട് (ലൂക്കോസ് 10:1). ഉദ്ദേശം AD 51 ൽ പൗലോസ് ശ്ലീഹായോടുകൂടെ തീത്തോസ് യെരുശലേമിലേക്ക് പോയി. ആ സമയത്ത് പുറജാതികളിൽനിന്ന് ക്രിസ്തുമത വിശ്വാസം സ്വീകരിച്ചവർ മോശയുടെ നിയമമനുസരിച്ച് പരിഛേദനയേൽക്കുന്നതു സംബന്ധിച്ച് ഒരു തർക്കം നിലനിന്നിരുന്നു. തീത്തോസും പരിഛേദനയേൽക്കണമെന്ന് താൽപര്യപ്പെട്ടെങ്കിലും തീത്തോസ് അതിനു സമ്മതിച്ചില്ല. (ഗലാത്യർ 2:3).

തീത്തോസിനെ പൗലോസ് ശ്ലീഹാ തന്റെ സഹോദരനെന്നും, മകനെന്നും, സഹപ്രവർത്തകനെന്നും പരാമർശിക്കുകയും സഹോദരന്മാരുടെ രക്ഷയെ പ്രതി കഠിനമായി അദ്ധ്വാനിക്കുന്നവനെന്നും പ്രകീർത്തിക്കുന്നുണ്ട്. തീത്തോസിനെ ത്രോവാസിൽ കണ്ടുമുട്ടാൻ കഴിയാത്തതിന്റെ വ്യഥ പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നുണ്ട് (2 കൊരി. 2:12–13).

യെരുശലേമിലെ തർക്കങ്ങൾ അവസാനിച്ചശേഷം പൗലോസ് ശ്ലീഹാ തീത്തോസിനെ കൊരിന്ത്യസഭയിലെ ചില

തർക്കങ്ങൾ പരിഹരിക്കുന്നതിനായി അയച്ചു. (Thurston & Attwater, 1990; Farmer, 1997). കൊരിന്ത്യയിൽ ഏതാനും നാൾ താമസിച്ചശേഷം കൊരിന്ത്യയിലെ കാര്യങ്ങൾ പൗലോസ് ശ്ലീഹായെ അറിയിക്കുന്നതിനായി മാസിഡോണിയയിലേക്ക് പോയി. ഉദ്ദേശം AD 56 ൽ പൗലോസ് ശ്ലീഹായുടെ കൊരിന്ത്യർക്കുള്ള രണ്ടാം ലേഖനവുമായി തീത്തോസ് വീണ്ടും കൊരിന്ത്യയിലേക്ക് പോയി.

യെരുശലേമിലെ വിശ്വാസികൾക്കുവേണ്ടിയുള്ള ധർമ്മ ശേഖരത്തിനായി തീത്തോസ് പ്രത്യേകം ചുമതലപ്പെടുത്ത പ്പെട്ടിരുന്നു. അതിനുശേഷം ഉദ്ദേശം AD 65 ൽ ഡാൽമേ ഷ്യയിലേക്കു പോയി (2 തിമോഥി 4:10). ക്രീറ്റിൽ പൗലോസ് ശ്ലീഹായുടെ ഉത്സാഹിയായ പ്രതിനിധിയായിരുന്നു തീത്തോസ്. പാരമ്പര്യമനുസരിച്ച് പൗലോസ് ശ്ലീഹാ തീത്തോസിനെ ക്രീറ്റിലെ മെത്രാപ്പോലീത്തയായി വാഴിച്ചു (Butler, 1903; Thurston & Attwater, 1990). തീത്തോസിന്റെ പ്രധാന ദൗത്യം ക്രീറ്റി ലെ സഭയ്ക്കുവേണ്ടി വൈദിക സ്ഥാനികളെ നിയമിക്കുക എന്നുള്ളതായിരുന്നു (1 തിമോഥി 3:1–7; തീത്തോസ് 1:7–8). തീത്തോസിനെ എത്രമാത്രം ഔന്നത്യത്തിലാണ് പൗലോസ് ശ്ലീഹാ കരുതയിരുന്നത് എന്നതിനെ സംബന്ധിച്ച് സ്വർണ്ണനാ വുകാരനായ മോർ ഈവാനിയോസും പരാമർശിക്കുന്നുണ്ട് (Thurston & Attwater, 1990).

അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ ഒരു കുറ്റവാ ളിയെ പോലെ കൈസറിനാൽ വിസ്തരിക്കപ്പെടുന്നതിന് റോമിലേക്ക് കൊണ്ടുപോയപ്പോൾ തീത്തോസ് (തന്റെ ക്രീറ്റി ലെ ജനത്തെ ഏതാനും നാളത്തേക്ക് വിട്ടിട്ട്) തന്റെ ആത്മീയ പിതാവിന്റെ ശുശ്രൂഷക്കായി റോമിലേക്കു പോയി. AD 67 ൽ പൗലോസ് രക്തസാക്ഷിയായശേഷം തീത്തോസ് ക്രീറ്റി ലെ പ്രധാന പട്ടണമായ ഗോർറ്റീനയിലേക്ക് മടങ്ങിപ്പോന്നു. തീത്തോസ് തന്റെ അജഗണത്തെ സമാധാനത്തോടെ പരി പാലിക്കുകയും ക്രിസ്തുവിന്റെ പ്രകാശം പുറജാതികളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് അദ്ധ്വാനിക്കുകയും ചെയ്തു. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിന് കർത്താവ് തീത്തോസിനെ ശക്തനാക്കി. അർത്തിമീസ് (ഡയാന) ദേവിയുടെ വിഗ്രഹം

തകർന്നതും (അപ്പോ. 19:28,35) സ്യൂസ് ക്ഷേത്രം ഇടിഞ്ഞു വീണതും അനേകരെ ക്രിസ്തുവിലേക്ക് ചേർക്കുന്നതിന് മുഖാന്തിരമായി.

വിശുദ്ധ തീത്തോസ് 94-ാമത്തെ (97?) വയസ്സിൽ കാലം ചെയ്തു. ഇഡ മലയിൽ നിന്ന് ആറു മൈൽ അകലെയുള്ള ക്രീറ്റിലെ ഗോർറ്റിന കത്തീഡ്രലിൽ കബറടക്കപ്പെട്ടു. (Kitto, 1869; Butler, 1903). വിശുദ്ധ തീത്തോസിന്റെ ഓർമ്മ ആഗസ്റ്റ് 25-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 3. ലിയോൺസിലെ മെത്രാപ്പോലീത്ത വിശുദ്ധ ഐറേനിയസ്

(c. AD 130 - AD 202)

ഐറേനിയസ് ഉദ്ദേശം AD 130 ൽ പടിഞ്ഞാറെ തുർക്കിയുടെ എഫേസോസിനടുത്തുള്ള സ്മിർണയിൽ ജനിച്ചു (Smith & Wace, 1882). ഐറേനിയസിന് വിശുദ്ധ ഗ്രന്ഥം, ഗ്രീക്ക് തത്വശാസ്ത്രം, ഭാഷ എന്നിവയിൽ നല്ല പ്രാവീണ്യം ഉണ്ടായിരുന്നു. അപ്പോസ്തോലന്മാരെയും അപ്പോസ്തോലന്മാരുടെ ശിഷ്യന്മാരെയും നേരിട്ട് അറിഞ്ഞിരുന്നവരുടെ പാദപീഠത്തിങ്കൽ ഇരുന്ന് പഠിക്കുന്നതിനുള്ള അസുലഭ അവസരം ഐറേനിയസിനുണ്ടായി. ഇവരിൽ ഐറേനിയസിനെ ഏറ്റവും സ്വാധീനിച്ച വ്യക്തിയാണ് സ്മിർണയിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ പോളികാർപ്പോസ് (AD 55 - 155?). രണ്ടാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട ദൈവശാസ്ത്രജ്ഞനാണ് ഐറേനിയസ്.

ലിയോൺസിലെ ലഗ്ഡുനം എന്ന സ്ഥലത്തെ ഒരു പുരോഹിതനായിരുന്നു ഐറേനിയസ്. ഉദ്ദേശം AD 177 ൽ ഐറേനിയസിനെ ഒരു സമാധാന ദൗത്യവുമായി വിശുദ്ധ യുത്തേരിയസ് പോപിന്റെ അടുക്കലേക്ക് പോത്തിനസ് മെത്രാപ്പോലീത്ത അയച്ചു (Paul, 2014).

ഉദ്ദേശം AD 178 ൽ ഐറേനിയസ് ലിയോൺസിലേക്ക് മടങ്ങിവന്നപ്പോഴേക്കും ലിയോൺസിലെ മെത്രാപ്പോലീത്ത വിശുദ്ധ പോത്തിനസ്, മാർക്കസ് ഔറേലിയസിനാൽ വധിക്കപ്പെടുകയും മറ്റനേകം പേർ പീഢനങ്ങൾ ഏൽക്കുകയും ചെയ്തു. അതേവർഷമോ അതിനടുത്തവർഷമോ ഐറേനിയസ് ലിയോൺസിലെ മെത്രാപ്പോലീത്ത ആകുകയും ചെയ്തു (Smith & Wace, 1882).

സമീപ പ്രദേശങ്ങളിലെ സുവിശേഷീകരണത്തിനു പുറമേ ഐറേനിയസിന് ഗൗളിൽ വ്യാപകമായിരുന്ന ഗ്നോസ്റ്റിസത്തെയും പ്രതിരോധിക്കേണ്ടതായിട്ടുണ്ടായിരുന്നു. (ഗ്രീക്കു തത്വശാസ്ത്രത്തെ സുവിശേഷ സത്യങ്ങളുമായി ബന്ധിപ്പിച്ച് ദൈവവചനത്തിന്റെ ആഴമേറിയ മർമ്മങ്ങൾ അറിയാമെന്ന് ഭാവിക്കുന്നവർ, cf. 1 തിമോഥി 6:20) ഗ്നോസ്റ്റിസുകൾ ഡോസിറ്റിസ്റ്റുകളായിരുന്നു. ഗ്രീക്കുപദമായ ഈ വാക്കിന്റെ അർത്ഥം 'തോന്നുന്ന' (to seem) എന്നാണ്. ക്രിസ്തുവിന് പദാർത്ഥമയമായ ഒരു ശരീരം വാസ്തവത്തിൽ ഉണ്ടായിരുന്നില്ല എന്നാണ് ഇവരുടെ പഠിപ്പിക്കൽ. അങ്ങനെയുണ്ടെന്ന ഒരു തോന്നൽ മാത്രമാണുണ്ടായിരുന്നത്. അപ്രകാരമുള്ള ഒരു കാണപ്പെടൽ മാത്രമാണുണ്ടായിരുന്നത്. കാരണം അതുവഴി മാത്രമേ അദ്ദേഹത്തിന് മനുഷ്യനുമായി ആശയവിനിമയം നടത്താൻ കഴികയുള്ളൂ എന്നാൽ അത് വാസ്തവമായി ഉണ്ടായിരുന്നില്ല. {അന്ന് holograms കണ്ടുപിടിച്ചിട്ടുണ്ടായിരുന്നെങ്കിൽ ക്രിസ്തുവിന്റെ ശരീരം തീർച്ചയായും ഒരു ത്രിമാന ഛായാചിത്രം (hologram) ആയിരുന്നുവെന്ന് അവർ പറഞ്ഞേനെ}.

ക്രിസ്തു ശരിയായും ജനിച്ചതല്ല, വാസ്തവത്തിൽ കഷ്ടതയനുഭവിക്കുകയോ മരിക്കുകയോ ചെയ്തില്ല എന്നാൽ അപ്രകാരമുള്ള ഒരു കാണപ്പെടൽ (തോന്നൽ) മാത്രമാണുണ്ടായത്. അപ്പോസ്തോലനായ യോഹന്നാന്റെ പഠിപ്പിക്കൽ ഈ ഗ്നോറ്റിക് പഠിപ്പിക്കലിനെതിരായിരുന്നു. ദൈവാത്മാവിനെ ഇതിനാൽ അറിയാം. യേശുക്രിസ്തു ജഡത്തിൽ വന്നു (came as a human being) എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. "യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർ ക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അതു ഇപ്പോൾ തന്നെ ലോകത്തിലുണ്ട്" (1 യോഹന്നാൻ 4:2-3).

ഗ്നോസ്റ്റിസം എന്ന വേദവിപരീതത്തിനെതിരായി അപ്പോസ്തോലന്മാരുടെ പഠിപ്പിക്കലുകളെയും വിശുദ്ധ ഗ്രന്ഥ

ങ്ങളെയും അടിസ്ഥാനമാക്കി സഭയുടെ പ്രമാണങ്ങളെ കുറിച്ച് ഐറേനിയസ് ഗ്രന്ഥങ്ങൾ രചിച്ചു. ഐറേനിയസ് രചിച്ച വിശ്വാസത്തിന്റെ നിയമം (rule of faith) ക്രിസ്തീയ സത്യങ്ങളുടെ സമ്പന്നതകളെയെല്ലാം പ്രതിപാദിക്കുന്ന ഗ്രന്ഥമാണ് (Paul, 2014). ഉയിർപ്പുപെരുന്നാളിന്റെ തീയതി സംബന്ധിച്ച് ഏഷ്യാ മൈനറിലെ ക്രിസ്ത്യാനി സമൂഹവും പോപുമായി ഒരു അഭിപ്രായ ഭിന്നത ഉണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിന് ഐറേനിയസ് ഒരു മദ്ധ്യസ്ഥനായി പ്രവർത്തിച്ചു (Thurston & Attwater, 1990). ഐറേനിയസിന്റെ ഏറ്റവും പ്രധാനപ്പെട്ട രചനയാണ് '*Refutation of Heresis.*' ഈ ഗ്രന്ഥം ഗ്നോസ്റ്റിക് എതിരാളികൾക്കെതിരായി സത്യക്രിസ്തീയ വിശ്വാസത്തെ സംരക്ഷിക്കുന്നതിനായി എഴുതപ്പെട്ടതാണ്. ക്രിസ്തു, പഴയ നിയമ ദീർഘദർശനങ്ങളുടെ പൂർത്തീകരണമെന്ന ആ ആശയത്തെ അവലംബമാക്കി എഴുതിയ ക്രിസ്തീയ വിശ്വാസങ്ങളുടെ സംക്ഷിപ്ത വിവരണമാണ് 'Proof of the Apostolic Preaching' എന്ന ചെറിയ പുസ്തകം. ഐറേനിയസിന്റെ വേദവിപരീതത്തിനെതിരായ രചനകളെക്കുറിച്ചുള്ള വിശദമായ വിവരണങ്ങൾ മറ്റു ഗ്രന്ഥങ്ങളിൽ ലഭ്യമാണ് (e.g. Smith & Wace, 1882).

സാർവ്വത്രിക സഭ (Universal or Catholic Church) എന്ന രീതിയിൽ സഭയെ സംബന്ധിച്ച് ആദ്യമായി പ്രതിപാദിച്ചത് ഐറേനിയസായിരിക്കാം. പ്രാദേശിക സഭകളായ എഫേസോസിലെ സഭ, കൊരിന്തിലെ സഭ, അന്ത്യോഖ്യായിലെ സഭ, റോമിലെ സഭ എന്നിവ ആകമാന സഭയുടെ പ്രാദേശിക ആരാധനാ സമൂഹങ്ങളായോ, ശാഖകളായോ മനസ്സിലാക്കണമെന്ന് ഐറേനിയസ് പഠിപ്പിച്ചു. ആകമാന സഭയും ഓരോ പ്രാദേശിക സഭയും തമ്മിൽ അദ്ദേഹം താരതമ്യം ചെയ്തു.

സഭയുടെ പാരമ്പര്യം, അപ്പോസ്തോലിക പിൻതുടർച്ച, വേദപുസ്തകസംബന്ധമായ കാനോനുകൾ എന്നിവയെ ഐറേനിയസ് എന്ന ദൈവശാസ്ത്രജ്ഞൻ ഊന്നി പറഞ്ഞു. (Attwater & John, 1996; Farmer, 1990). ഐറേനിയസ് ലിയോൺ

സിൽവച്ച് കാലം ചെയ്തു. ഇദ്ദേഹം കാലം ചെയ്തത് ഉദ്ദേശം AD 202 ൽ ആണെന്ന് കരുതപ്പെടുന്നു (Thurston & Attwater, 1990). ലിയോൺസിലെ സെന്റ് ജോൺസ് ദൈവാലയത്തിൽ ഐറേനിയസ് കബറടക്കപ്പെട്ടു. ലിയോൺസിലെ ഐറേനിയസിന്റെ ഓർമ്മ ഡിസംബർ 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 4. എഡേസ്സായിലെ രണ്ടാമത്തെ മെത്രാപ്പാലീത്ത വിശുദ്ധ അഗ്ഗായി

(AD ? - AD ?)

കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം വി. തോമാശ്ലീഹായുടെ ഇരട്ട സഹോദരനായ ആദായി (തദ്ദേവൂസ്) എഡേസ്സായിലേക്ക് അയക്കപ്പെട്ടു. സുറിയാനി പാരമ്പര്യമനുസരിച്ച് മോർ ആദായി എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളാണ്. മോർ ആദായി ഉറഹായിലെ ആദ്യത്തെ മെത്രാപ്പോലീത്തയാണ്. ഇദ്ദേഹമാണ് അബ്ഗാർ അഞ്ചാമൻ രാജാവിനെ സൗഖ്യമാക്കിയത്.

മോർ ആദായി എഡേസ്സായിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുകയും അനേകരെ ക്രിസ്തുവിലേക്കാകർഷിക്കുകയും മാമോദീസ നൽകുകയും ചെയ്തു. മോർ ആദായിയുടെ സുവിശേഷ പ്രവർത്തനങ്ങൾ വഴിയായി അഗ്ഗായിയും, പാലട്ടും (Aggai & Palut) ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു. അഗ്ഗായി വിഗ് ഉണ്ടാക്കുകയും ആഭരണം നിർമ്മിക്കുകയും ചെയ്യുന്ന ജോലിയിൽ വ്യാപൃതനായിരുന്നു.

മോർ ആദായി രോഗാവസ്ഥയിലായിരുന്നതിനെ തുടർന്ന് അഗ്ഗായിയെ പിൻഗാമിയായി വാഴിക്കുകയും പാലട്ടിനെ വൈദികനായി പട്ടം കൊടുക്കുകയും ചെയ്തു (Fortescue, 1913; Cross & Livingstone, 1974; Thurston & Attwater, 1990). ഉദ്ദേശം AD 81 ൽ അബ്ഗാർ അഞ്ചാമന്റെ കാലത്ത് മോർ ആദായി നിര്യാതനായി. പിൻഗാമിയായ മോർ അഗ്ഗായി, മോർ ആദായിയെപോലെ കിഴക്കൻ പ്രദേശങ്ങളിൽ സുവിശേഷ പ്രചരണം നടത്തി.

ഒരു ദൈവാലയത്തിലിരുന്നിരുന്ന മോർ അഗ്ഗായിയെ അബ്ഗാർ രാജാവിന്റെ അവിശ്വാസിയായ മാനു (Ma'nu)

എന്ന മകൻ കൊലപ്പെടുത്തി (Burkitt, 1904). ഈ ക്രൂരമായ കൊലയുടെ കാരണമായി രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്ര കാരമാണ്. മാനു ഒരു ദേവന് ആഭരണമുണ്ടാക്കണമെന്ന് മോർ അഗ്ഗായിയോട് കൽപിച്ചു. അഗ്ഗായി മറുപടിയായി പറഞ്ഞു: "എന്റെ യജമാനൻ (മോർ ആദായി) ക്രിസ്തു വിന്റെ ജനത്തെ പരിപാലിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ നിന്റെ പിതാവിനുവേണ്ടി (അബ്ഗാർ അഞ്ചാമൻ) ജോലികൾ ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോൾ എന്റെ ചുമതല എന്റെ ജനത്തെ മേയിക്കുക എന്നുള്ളതാണ്. എനിക്ക് മറ്റൊരു ജോലി ചെയ്യാനാകില്ല."

രക്തസാക്ഷിയായ മോർ അഗ്ഗായിയുടെ ഭൗതിക ശരീരം ദൈവാലയത്തിൽ കബറടക്കി. മോർ അഗ്ഗായിക്ക് പിൻഗാമി യായി വൈദികനായ പാലാട്ടിനെ വാഴിക്കുന്നതിന് അവസര മുണ്ടായില്ല. അതിനാൽ എഡേസ്സായിൽ ഒരു മെത്രാപ്പോലീത്ത ആ കാലഘട്ടിലുണ്ടായിരുന്നില്ല. തുടർന്ന്, അന്ത്യോഖ്യാ പാത്രി യർക്കീസായിരുന്ന മോറാൻ സെരാപ്പിയോൺ (AD 191-211) പാലട്ടിനെ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ അഗ്ഗായിയുടെ ഓർമ്മ സുറിയാനി സഭ ജനുവരി 9, ജൂലൈ 9, ഡിസംബർ 9 എന്നീ തീയതികളിൽ ആചരിക്കുന്നു.

# 5. റോമിലെ എപ്പിസ്കോപ്പ വിശുദ്ധ കാലിസ്റ്റസ്

(AD ? - AD 222)

റോമിലെ കാർപ്പോഫോറസ് എന്നു പേരുള്ള ഒരു ക്രിസ്തീയ യജമാനന്റെ അടിമയായിരുന്ന കാലിസ്റ്റസ് (Farmer, 1997). ഹിപ്പോലിറ്റസ് രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് കാലിസ്റ്റസ് ഒരു ബാങ്ക് ഇടപാടുമായി ബന്ധപ്പെട്ട് സർദ്ദിനിയായിലെ ക്വാറിയിൽ (ഖനിയിൽ ?) കഠിനമായി തൊഴിലെടുക്കുന്നതിനായി വിധിക്കപ്പെട്ടിരുന്നു, കമ്മോഡസ് ചക്രവർത്തിയുടെ രാജ്ഞിയായ മാർസിയയുടെ ഇടപെടൽമൂലം കാലിസ്റ്റസ് മറ്റു ക്രിസ്ത്യാനികളോടുകൂടെ മോചിതരായി. മോചിതനായശേഷം ഉദ്ദേശം AD 199 ൽ കാലിസ്റ്റസിനെ സെഫ്രിനസ് ശെമ്മാശനാക്കി (Thurston & Attwater, 1990; Attwater & John, 1996; Farmer, 1997). ശെമ്മാശനായ കാലിസ്റ്റസ് പോപ്പിന്റെ സുഹൃത്തും ഉപദേശകനുമായി.

റോമിലെ മുൻ മെത്രാപ്പോലീത്തന്മാരെ കബറടക്കിയിരുന്ന ആപ്പിയൻ വേയിലെ സെമിത്തേരിയുടെ ചുമതല പോപ്പ് സെഫ്രിനിയസ് കാലിസ്റ്റസ് ശെമ്മാശനെ ഏൽപിച്ചു. കാലിസ്റ്റസ് വളരെ സമർത്ഥനായതിനാൽ അദ്ദേഹം AD 217 (?) ൽ പോപ്പ് സെഫ്രിനിയസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു (Smith & Wace, 1877). ജഢധാരണത്തെ സംബന്ധിച്ച് രണ്ട് വ്യത്യസ്ത ആശയങ്ങളെകുറിച്ചുള്ള തർക്കത്തിൽ മദ്ധ്യസ്ഥത വഹിച്ചതിനാൽ കാലിസ്റ്റസ് എപ്പിസ്കോപ്പയുടെ ഭരണകാലം ദൈർഘ്യം കുറഞ്ഞതും വിവാദാസ്പദമായതും ആയിരുന്നു. കൊലപാതകത്തിനും വ്യഭിചാരത്തിനും പൊതുമാപ്പ് നൽകിയിരുന്നവരെ വീണ്ടും സഭയിൽ പ്രവേശിപ്പിക്കുന്നതിൽ ലാഘവത്തോടെ പെരുമാറി

എന്ന കുറ്റം കാലിസ്റ്റസിൽ ആരോപിച്ചിരുന്നു (Thurston & Attwater, 1990). കൂടാതെ റോമൻ സിവിൽ നിയമത്തിനു വിരുദ്ധമായി അടിമകളായ സ്ത്രീകളും സ്വതന്ത്ര സ്ത്രീകളും തമ്മിലുള്ള വിവാഹങ്ങൾ അംഗീകരിച്ചു എന്ന ആരോപ ണങ്ങളും ഉണ്ടായിരുന്നു. കാലിസ്റ്റസിന്റെ വിരോധികൾ രേഖപ്പെടുത്തിയിരിക്കുന്നതല്ലാതെ കാലിസ്റ്റസിനെ കുറിച്ചൊ ന്നും നമുക്കറിവില്ല. കാലിസ്റ്റസ് സത്യവിശ്വാസത്തെ ഉയർത്തി പിടിക്കുന്നവനും നല്ല അച്ചടക്കമുള്ളവനുമാണെന്ന് വിശ്വസി ക്കപ്പെടുന്നു.

ആ കാലഘട്ടത്തിൽ പീഡനങ്ങൾ നടന്നതായി ഔദ്യോഗിക രേഖകളില്ലെങ്കിലും കലാപം നടത്തിയിരുന്ന ഒരു കൂട്ടം ആളുകളാൽ AD 222 ൽ കാലിസ്റ്റസ് കൊല്ലപ്പെട്ടു (കിണറ്റിലെറിയപ്പെട്ടു ?). കാലിസ്റ്റസിന്റെ ഓർമ്മ ഏപ്രിൽ 9-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 6. രക്തസാക്ഷിയായ അപ്പോളോണിയ

(AD ? - AD 245 ?)

ക്രിസ്ത്യാനികൾക്കെതിരായ ഒരു കലാപത്തിൽ അലക്സന്ത്രിയായിലെ ഒരു ജനക്കൂട്ടം വളരെയേറെ ക്രിസ്ത്യാനികളെ വീടുകളിൽനിന്ന് വലിച്ചിറക്കുകയും വധിക്കുകയും അവരുടെ സ്വത്തുക്കൾ കവർച്ച ചെയ്യുകയും ചെയ്തു. അപ്രകാരം കൊല്ലപ്പെട്ട വൃദ്ധയായ ഒരു സഭാശുശ്രൂഷക (deaconess) ആയിരുന്നു അപ്പോളോണിയ (Farmer, 1997; Attwater & John, 1996; Paul, 2014). അവളുടെ വിശ്വാസം ഉപേക്ഷിച്ചില്ലെങ്കിൽ അവളെ ജീവനോടെ ദഹിപ്പിച്ചുകളയുമെന്ന് ഭീഷണിപ്പെടുത്തി. ആ പീഢകർ തീ കൂട്ടുകയും ചെയ്തു. അപ്പോളോണിയ ഒരു ചെറിയ പ്രാർത്ഥന ചൊല്ലി ആ അഗ്നിയിലേക്ക് നടക്കുകയും ആ അഗ്നിനാളങ്ങൾ അവളെ വിഴുങ്ങുകയും ചെയ്തു.

അലക്സന്ത്രിയായിലെ അന്നത്തെ മെത്രാപ്പോലീത്തയായ മോർ ദീവന്നാസിയോസ് ഇതു സംബന്ധിച്ച് അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ ഫാബിയസിന് (AD 251-254) എഴുതുകയും ചെയ്തു. ഫിലിപ്പ് ചക്രവർത്തിയുടെ ഭരണത്തിന്റെ അവസാന വർഷം വിഗ്രഹാരാധകരായ ജനക്കൂട്ടം നടത്തിയ ക്രിസ്ത്യാനികളുടെ പീഢനം അതിൽ വിവരിച്ചിട്ടുണ്ട് (Thurston & Attwater, 1990). അതിപ്രകാരമാണ്: ‘‘അവർ കന്യകയും വൃദ്ധയുമായ അപ്പോളോണിയയെ ബന്ധനത്തിലാക്കി. അവളുടെ താടിയെല്ലുകളിൽ പ്രഹരിക്കുകയും അവളുടെ എല്ലാ പല്ലുകളും തകർക്കുകയും ചെയ്തു. അവർ ഒരു തീകുണ്ഠം ഉണ്ടാക്കുകയും അവരോടുകൂടെ വേദവിപരീതമായ വാക്യങ്ങൾ ഉച്ചരിച്ചില്ലെങ്കിൽ അവളെ ജീവനോടെ അഗ്നിക്കിരയാക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. അപ്പോളോണിയ അവരുടെ നിർദ്ദേശം പരിഗണിക്കാനെന്നവിധം അല്പസമയം താമസിച്ചശേഷം ആ അഗ്നി

കുണ്ഠത്തിലേക്ക് ചാടുകയും അപ്രകാരം അഗ്നിക്കിരയാകുകയും ചെയ്തു (Farmer, 1997, p.29).

പരിശോധിച്ച ഭൂരിഭാഗം ആശ്രിതഗ്രന്ഥങ്ങളിൽ അപ്പോളോണിയയുടെ രക്തസാക്ഷിത്വത്തിന്റെ വർഷം AD 249 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (Smith & Wace, 1877; Farmer, 1997; Attwater & John, 1996; Paul, 2014). എന്നാൽ സുറിയാനി സഭാ കലണ്ടറിൽ അപ്പോളോണിയയുടെ രക്തസാക്ഷിത്വം AD 245 ൽ ആണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (Rajan, 2004). ഇതിനു കാരണം ഈ പീഢനം ഡെസിയസിന്റെ പീഢയുടെ കാലഘട്ടത്തിന് (AD 247 - 249) മുൻപായിരുന്നു എന്നതാണ്. വിശുദ്ധ അപ്പോളോണിയയുടെ ഓർമ്മ ഫെബ്രുവരി 8-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 7. നിക്കോമേദിയയിലെ എപ്പിസ്കോപ്പയായ അന്തീമോസ്

(AD ? - AD 303)

ബിഥിനിയായിലെ നിക്കോമേദിയായിൽ ഡയോക്ലിഷ്യ ന്റെയും മക്സിമിയാന്റെയും പീഢനങ്ങൾ വളരെ തീവ്രമാ യിരുന്നു. അവരുടെ വിളംബരം പതിച്ചിരുന്നത് ഒരു ക്രിസ്ത്യാനി കീറിക്കളഞ്ഞു. അതേ തുടർന്ന് ദേവന്മാർക്ക് ധൂപാർപ്പണം നടത്താതെ ക്രിസ്ത്യാനികൾക്കു സാധനങ്ങൾ വാങ്ങുന്നതിനോ, വിൽക്കുന്നതിനോ, വെള്ളം എടുക്കുന്ന തിനോ, ചോളം പൊടിക്കുന്നതിനോ സാദ്ധ്യമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് നിക്കോമേദിയയിലെ എപ്പിസ് കോപ്പയായ അന്തീമോസ് മറ്റു ധാരാളം വിശ്വാസികളോടു കൂടെ ശിരഛേദനം ചെയ്യപ്പെടുകയോ അഗ്നിക്കിരയാക്ക പ്പെടുകയൊ ചെയ്യപ്പെട്ടത് (Thurston & Attwater, 1990, Vol.II).

ദൈവീകമായ കൃപയാൽ ധാരാളം പുരുഷന്മാരും സ്ത്രീകളും അവരുടെ വിശ്വാസം ഏറ്റുപറഞ്ഞു. അവരെ ചങ്ങാടങ്ങളിലും തടികളിലും കെട്ടി കടലിൽ മുക്കിക്കൊന്നു. ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം സംരക്ഷിച്ച് രക്ത സാക്ഷിത്വത്തിന്റെ കിരീടം നേടി. അന്തീമോസിന്റെ ഓർമ്മ സെപ്റ്റംബർ 3-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 8. രക്തസാക്ഷിയായ വിശുദ്ധ അനിസിയ

(AD ? - AD 304)

അനിസിയ (അനുസിയ) ഒരു ക്രിസ്തീയ പെൺകുട്ടി യായിരുന്നു. അവളുടെ മാതാപിതാക്കന്മാർ വളരെ സമ്പത്തു ള്ളവരായിരുന്നു. അനിസിയ ആർജ്ജിച്ച അവളുടെ സമ്പത്ത് മുഴുവൻ മുട്ടുകാരായ മറ്റുള്ളവർക്കായി അവൾ ഭാഗിച്ചു കൊടുത്തു. തെസ്സലോനിക്യയിൽ ഗവർണ്ണറായ ദുൾസിഷ്യസ് ക്രിസ്ത്യാനികളെ കഠിനമായി പീഢിപ്പിച്ചുകൊണ്ടിരുന്നു (Thurston & Attwater, 1990, Vol. IV).

ക്രിസ്ത്യാനികൾ ആരാധനയ്ക്കായി ഒന്നിച്ചു കൂടിയി രുന്നത് വിലക്കിയിരുന്നു. ഒരു ദിവസം അനീസിയ വിശ്വാസി കളുടെ ഒരു കൂട്ടായ്മയിൽ സംബന്ധിക്കുന്നതിനായി ആഗ്ര ഹിച്ചു. കസ്സാൻഡ്രാ എന്ന കവാടത്തിൽ കൂടികടന്നുചെന്ന അനിസിയയോട് വാതിൽ കാവൽക്കാരനായ ഒരാൾ ചോദിച്ചു: ‘‘നീ എവിടേക്കാണ് പോകുന്നത് ?’’ പട്ടാളക്കാർ അവളെ തടഞ്ഞുനിർത്തികൊണ്ട് ചോദിച്ചു. ‘‘നീ ആരാണ്? നീ എവിടേ ക്കാണ് പോകുന്നത്?’’ അവൾ മറുപടി പറഞ്ഞു: ‘‘ഞാൻ യേശുക്രിസ്തുവിന്റെ ദാസിയാണ്, ഞാൻ കർത്താവിന്റെ കൂട്ടായ്മയിലേക്ക് പോകുകയാണ്.’’ പട്ടാളക്കാരൻ പറഞ്ഞു. ‘‘ഞാൻ അതു തടയുകയും നിന്നെ ദേവന്മാർക്ക് ബലിയർ പ്പിക്കുന്നതിനായി കൊണ്ടുപോകുകയും ചെയ്യും. ഇന്ന് സൂര്യ നെയാണ് നാം ആരാധിക്കുക.’’ ഇതു പറഞ്ഞുകൊണ്ടി രുന്നപ്പോൾ പട്ടാളക്കാർ അവളുടെ മുഖത്ത് നോക്കുന്നതിനാ യി അവളുടെ ശിരോവസ്ത്രം (മുഖാവരണം) വലിച്ചു കീറി.

അനീസിയ പട്ടാളക്കാരനെ തടയാൻ ശ്രമിക്കുകയും പിടിവലി കൂടുകയും ചെയ്തു. പട്ടാളക്കാരൻ അവളെ വാളുകൊണ്ട് വെട്ടികൊന്നു. രക്തസാക്ഷിയായ അനിസിയയുടെ ഓർമ്മ ഡിസംബർ 30-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 9. കന്യകയും രക്തസാക്ഷിയുമായ വിശുദ്ധ ആഗനസ്

(c. AD 291 ? - c. AD 304)

വിശുദ്ധ ആഗനസ് വളരെ വിഖ്യാതയായ ഒരു രക്ത സാക്ഷിയാണ്. ദൈവത്തിന് സമർപ്പിക്കപ്പെട്ടതിനാൽ ആഗനസ് വിവാഹിതയാകുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. AD 303 മാർച്ച് മാസത്തിൽ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ വിളംബരം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആഗനസ് അവളുടെ കന്യാത്വ ത്തിനെതിരായ എല്ലാ ഭീഷണികളെയും ആക്രമങ്ങളെയും പ്രതിരോധിച്ചു. അവൾ പുരുഷസഹജമായ ധൈര്യമുള്ളവളും പീഢകൾ സഹിക്കുന്നതിനും മരിക്കുന്നതിനും അത്യുത്സാ ഹമുള്ളവളും ആയിരുന്നു (Thurston & Attwater, 1990). അവളെ അഗ്നിക്കും, ഇരുമ്പു കൊളുത്തുകൾകൊണ്ടും മറ്റുമുള്ള പീഢ കളാലും ഭീഷണിപ്പെടുത്തിയെങ്കിലും ആഗനസ് തന്നെ പീഢ നമേൽപ്പിക്കുന്നവരുടെ മുൻപിൽ പ്രസന്നയായി കാണപ്പെട്ടു. അവളെ വിഗ്രഹങ്ങളുടെ മുൻപിലേക്കു വലിച്ചിഴക്കുകയും ധൂപാർപ്പണത്തിനു നിർബ്ബന്ധിക്കുകയും ചെയ്തുവെങ്കിലും അവൾ അതെല്ലാം നിരാകരിച്ചു (Smith & Wace, 1877).

മേൽപറഞ്ഞ മാർഗ്ഗത്താലൊന്നും പ്രയോജമില്ലെന്നു കണ്ട ഗവർണ്ണർ അവളെ വേശ്യാലയത്തിലയക്കുമെന്നു ഭീഷ ണിപ്പെടുത്തി. ആഗനസ് മറുപടിയായി പറഞ്ഞു. “ഈ എന്റെ രക്തത്താൽ നിന്റെ വാളിൽ കറപുരട്ടുമായിരിക്കും; പക്ഷെ ദൈവത്തിനായി ശുദ്ധീകരിക്കപ്പെട്ട എന്റെ ശരീരത്തെ അശുദ്ധമാക്കുവാൻ കഴിയുകയില്ല.” അവളോട് അപമര്യാദ യായി പെരുമാറാൻ ആഗ്രഹിച്ച ഒരാൾ മിന്നലേൽക്കുകയും അന്ധനാകുകയും ചെയ്തു. അവന്റെ കൂട്ടുകാർ അവനെ ആഗനസിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവൾ അവ

ളുടെ സംരക്ഷകനായ ക്രിസ്തുവിന് സ്തുതികൾ പാടുകയായിരുന്നു. ആഗനസിന്റെ പ്രാർത്ഥനയാൽ അദ്ദേഹത്തിന് കാഴ്ചശക്തി വീണ്ടുകിട്ടി.

ഒടുവിൽ റോമിൽ വച്ച് ആഗനസ് ശിരച്ഛേദനം (കഴുത്തിൽ കത്തികുത്തിയിറക്കി വധിക്കുന്ന ഒരു റോമൻ രീതി) ചെയ്യപെട്ടു (Attwater & John, 1996). AD 304 ൽ ആഗനസ് ശിരച്ഛേദനം ചെയ്യപ്പെട്ടപ്പോൾ അവൾക്ക് പന്ത്രണ്ടോ പതിമൂന്നോ വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ആഗനസിനെ വിയ നോമെൻന്താന സെമിത്തേരിയിൽ കബറടക്കി. ഉദ്ദേശം AD 350 ൽ ആഗനസിന്റെ ബഹുമാനാർത്ഥം അവിടെ ഒരു ദൈവാലയം പണി കഴിപ്പിച്ചു (Thurston & Attwater, 1990; Farmer, 1997). ആഗനസിന്റെ ഓർമ്മ ജനുവരി 21-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 10. രക്തസാക്ഷികളായ കോസ്മാസും ഡാമിയാനും

(AD ? - AD 306 ?)

വിശുദ്ധരായ കോസ്മാസും ഡാമിയാനും (കോസ്മെയും ദുമിയാനും) ഇരട്ട സഹോദരന്മാരായിരുന്നു. അവർ അറേബ്യയിൽ ജനിച്ചു (Thurston & Attwater, 1990). അവർ സിറിയയിൽ ശാസ്ത്രവിഷയങ്ങൾ പഠിക്കുകയും വൈദ്യശാസ്ത്രത്തിൽ നിപുണന്മാരാകുകയും ചെയ്തു. അവർ രോഗികളെ പരിചരിക്കുന്നതിന് പ്രതിഫലമൊന്നും സ്വീകരിച്ചിരുന്നില്ല (Paul, 2014). അവരുടെ ചികിത്സകൊണ്ട് സൗഖ്യം പ്രാപിക്കുന്നവർ ക്രിസ്തുവിൽ വിശ്വസിക്കുക എന്നുള്ളതായിരുന്നു അവർ ആഗ്രഹിച്ചിരുന്ന പ്രതിഫലം (Smith & Wace, 1887).

കോസ്മാസും ഡാമിയാനും സിലിസിയായിലെ അലക്സാണ്ട്രേറ്റ ഉൾക്കടലിലെ ഐഗെ എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. സിലിസിയയിലെ ഗവർണ്ണരായ ലൈസിയാസിന്റെ ഉത്തരവനുസരിച്ച് പീഢനം ആരംഭിച്ചപ്പോൾ അവർ തടവിലാക്കപ്പെട്ടു. അവർ കഠിനമായി ഉപദ്രവിക്കപ്പെട്ടു. അവരെ കുരിശുകളിൽ തൂക്കിയിട്ട് ജനക്കൂട്ടം അവരെ കല്ലെറിഞ്ഞു. എന്നാൽ എറിഞ്ഞ കല്ലുകൾ തിരികെ എറിഞ്ഞവരുടെ മേൽ തന്നെ പതിച്ചു. അതുപോലെ അമ്പെയ്ത്തുകാരുടെ അസ്ത്രങ്ങൾ അവരുടെമേൽ തന്നെ തിരിച്ചു വരികയും അവർ ചിതറി ഓടുകയും ചെയ്തു. അതുപോലെയുള്ള നിരന്തര പീഢകൾക്കൊടുവിൽ വിശ്വാസത്തിനുവേണ്ടി അവർ ശിരഛേദനം ചെയ്യപ്പെട്ടു. അവരുടെ ഭൗതിക ശരീരം സിറിയയിലേക്ക് കൊണ്ടുപോകുകയും സിറസിൽ കബറടക്കുകയും ചെയ്തു.

അവരുടെ രക്തസാക്ഷിത്വത്തിനുശേഷം അവരുടെ മദ്ധ്യസ്ഥതയാൽ ധാരാളം അത്ഭുത രോഗസൗഖ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ജസ്റ്റീനിയൻ ഒന്നാമൻ ചക്രവർത്തി ഒരു കഠിന മായ രോഗത്തിൽനിന്ന് സൗഖ്യം പ്രാപിക്കുകയും കോസ്മാ സിന്റെയും ഡാമിയന്റെയും തിരുശേഷിപ്പുകളെ വളരെയേറെ ആദരിക്കുകയും ചെയ്തു. കോസ്മാസിന്റെയും ഡാമിയ ന്റെയും സഹോദരന്മാരായ അന്തീമോസ്, ലിയോൻഷ്യസ്, യൂപ്രിപ്പിയസ് എന്നീ മുന്നുപേരും രക്തസാക്ഷികളായതായി പറയപ്പെടുന്നു (Thurston & Attwater, 1990). ഭിഷഗ്വരന്മാരുടെ പ്രത്യേക മദ്ധ്യസ്ഥരാണ് കോസ്മാസും ഡാമിയാനും. ഇവ രുടെ പെരുന്നാളുകളായി സുറിയാനി സഭ ആചരിക്കുന്ന ദിനങ്ങളാണ് ഏപ്രിൽ 6, ജൂൺ 17, ജൂലൈ 1, ഒക്ടോബർ 12 എന്നിവ.

# 11. രക്തസാക്ഷിയായ കൈസര്യയിലെ പംഫിലസ്

(c. AD 240 - AD 309)

പംഫിലസ് ഫൊനിക്യയിൽ (ബെറിറ്റസ് ?) ജനിച്ചു. പംഫിലസിന്റെ മാതാപിതാക്കന്മാർ വളരെ ധനികരായിരുന്നു. പംഫിലസ് തന്റെ സ്വത്തുകളെല്ലാം ആവശ്യക്കാർക്കായി നൽകി. സ്വയത്തെ ഉപേക്ഷിക്കുകയും നിഷ്ഠയുള്ള പഠനത്തിനുമായി തന്നെതന്നെ സമർപ്പിക്കുകയും ചെയ്തു. പ്രാഥമിക വിദ്യാഭ്യാസം ഫൊനീക്യയിൽ പൂർത്തിയാക്കിയശേഷം അലക്സന്ത്രിയ സ്കൂളിലെ ദൈവശാസ്ത്ര വിഭാഗം തലവനായ പെയ്റസിന്റെ കീഴിൽ പഠിക്കുന്നതിനായി അലക്സന്ത്രിയായിലേക്ക് പോകുകയും ചെയ്തു. അതിനുശേഷം മടങ്ങിവന്ന് കൈസര്യയിൽ താമസിക്കുകയും അഗാപിയസ് ഭദ്രാസനത്തിലെ ഒരു വൈദികനായി പട്ടം സ്വീകരിക്കുകയും ചെയ്തു.

ഒരു ഗ്രന്ഥശാല സ്ഥാപിക്കുന്നതിന് വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിക്കുന്ന ലേഖനങ്ങളും കൈയ്യെഴുത്തു പ്രതികളും ശേഖരിക്കുന്നതിൽ പംഫിലസ് വളരെ തൽപരനായിരുന്നു. അങ്ങിനെ സാദ്ധ്യമായ എല്ലാ ശേഖരവും കൊണ്ട് സ്ഥാപിച്ച ഗ്രന്ഥശാലയ്ക്ക് ഡയോക്ലീഷ്യന്റെ പീഢനകാലത്ത് കേടുപാടുകൾ സംഭവിക്കുകയും അത് യൂസേബിയസിന്റെ പിൻഗാമികളായ അക്കേസിയസും യൂസോയസും കേടുപാടുകൾ പോക്കി സംരക്ഷിക്കുകയും ചെയ്തു. ഈ ഗ്രന്ഥശാലയിൽ ഹീബ്രു ഭാഷയിലുള്ള വിശുദ്ധ മത്തായിയുടെ സുവിശേഷംപോലുള്ള വളരെ വിലപ്പെട്ട ശേഖരങ്ങളുണ്ടായിരുന്നു (Smith & Wace, 1887).

സഭാ ചരിത്രകാരനായ യൂസേബിയസിന്റെ ഒരു അടുത്ത

സഹപ്രവർത്തകനായിരുന്നു പംഫിലസ്. ഖണ്ഡിതമായി പറയാൻ കഴിയില്ലെങ്കിലും പംഫിലസ് യൂസേബിയസിന്റെ അമ്മാവനാണെന്ന് നെസിഫോറസ് കാലിസ്റ്റസ് സൂചന നൽകുന്നുണ്ട്. വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിച്ച് പണ്ഡിതനായിരുന്ന പംഫിലസിന്റെ എഴുത്തുകളെല്ലാം പൂർണ്ണമായും നമുക്ക് നഷ്ടപ്പെട്ടു. പംഫിലസിന്റേതായി ലഭിച്ചിരിക്കുന്ന രേഖകളെല്ലാം യൂസേബിയസ്, ജെറോം, ഫോട്ടിസ് എന്നിവരുടെ എഴുത്തുകളിൽനിന്നും പുനർനിർമ്മിച്ചവയാണ്.

ഡയോക്ലീഷ്യന്റെ പീഢയുടെ കാലത്ത് പട്ടണത്തിലെ ഗവർണ്ണറായിരുന്ന ഉർബാനോസ് പംഫിലസിനെ അദ്ദേഹത്തിന്റെ പതിനൊന്നു കൂട്ടുകാരോടുകൂടെ രണ്ടു വർഷം (AD 307-309) തടവിലാക്കി. ഒടുവിൽ AD 309 ഫെബ്രുവരി 16-ാം തീയ്യതി പംഫിലസ് രക്തസാക്ഷി കിരീടം പ്രാപിച്ചു (Attwater & John, 1996). പംഫിലസിന്റെ ഓർമ്മ ഫെബ്രുവരി 16-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 12. അലക്സാന്ത്രിയയിലെ പാത്രിയർക്കീസായ അലക്സാണ്ടർ

(AD ? - AD 326 ?)

AD 313 ൽ അലക്സാണ്ടർ, അച്ചിലാസിന്റെ പിൻഗാമിയായി അലക്സന്ത്രിയാ സിംഹാസനത്തിൽ ആരൂഢനായി (Smith & Wace, 1887). അറിയോസിന്റെ വേദവിപരീതത്തിനെതിരായി ശക്തമായ പ്രതിരോധം തീർത്ത വ്യക്തിയെന്നതിലാണ് അലക്സാണ്ടർ ഏറെ ബഹുമാനിക്കപ്പെടുന്നത്. അലക്സാണ്ടർ അപ്പോസ്തോലിക നിയമങ്ങൾ പാലിക്കുന്നവനും, ഉത്തമമായ ജീവിതം നയിക്കുന്നവനും, ദരിദ്രരെ സഹായിക്കുന്നവനും, വിശ്വാസത്തിൽ തീഷ്ണതയുള്ളവനും ആയിരുന്നു.

അലക്സാന്ത്രിയയിലെ ഏറ്റവും പുരാതനമായ ഭൗകാലിസ് പള്ളിയിലെ ഒരു ഇടവക പട്ടക്കാരനായിരുന്നു അറിയോസ്. പുത്രൻ പിതാവിനോടുകൂടെ ആദിയിലെ ഉണ്ടായിരുന്നില്ലെന്നും, പിന്നീടുണ്ടായവനാണെന്നും, പുത്രനില്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നും, ദൈവിക സത്തയ്ക്ക് പുറമെയാണ് പുത്രൻ എന്നും അറിയോസ് പ്രചരിപ്പിച്ചു (Smith & Wace, 1877, p.79).

അറിയോസനെ സത്യവിശ്വാസത്തിലേക്ക് മടക്കികൊണ്ടുവരുന്നതിന് അലക്സാണ്ടർ പരിശ്രമിക്കുകയും അതിനുവേണ്ടി ഔപചാരികമായ കൂടികാഴ്ചകൾ നടത്തുകയും അർത്ഥഗർഭമായ വാദഗതികൾ എഴുതി അറിയിക്കുകയും ചെയ്തു. അറിയോസ് അവക്കെതിരെ മുഖം തിരിക്കുകയും അറിയോസിന്റെ അനുയായികൾ വർദ്ധിക്കുകയും ചെയ്തു.

അലക്സാണ്ടർ അറിയോസിനെ ഒരു വൈദികയോഗത്തിൽ ഹാജരാകുന്നതിന് വിളിക്കുകയം പിന്നീട് AD 320 ൽ

സഭയിൽനിന്ന് പുറത്താക്കുകയും ചെയ്തു. അറിയോസ് പലസ്തീനിലേക്ക് മാറി താമസിക്കുകയും അവിടെ പല മെത്രാപ്പോലീത്തന്മാരിലും അറിയോസിന്റെ വാദഗതികൾ അനുകൂലമായ പ്രതികരണം ഉണ്ടാകുകയും ചെയ്തു. ഒരു സിസിലിയൻ മെത്രാപ്പോലീത്തയായ അനർബസിലെ അത്താനാസിയോസും ജോർജ്ജ് എന്ന അലക്സന്ത്രിയൻ പുരോഹിതനും അലക്സാണ്ടറിന് ഇപ്രകാരം എഴുതി: ''ആമോസിൽ നിന്ന് ഏശായ ജനിക്കുന്നതിന് മുമ്പ് ഏശായ ഉണ്ടായിരുന്നില്ല അതുപോലെ പുത്രൻ ഒരിക്കൽ ഉണ്ടായിരുന്നില്ല.'' അറിയോസ് നിക്കോമേദിയയിൽ താമസിക്കുകയും പട്ടണത്തില മെത്രാപ്പോലീത്തയായ യൂസേബിയസിന്റെ പിന്തുണ നേടുകയും ചെയ്തു.

നിക്കോമേദിയയിലെ യൂസേബിയസിന് കുസ്തന്തീനോസ് ചക്രവർത്തിയുടെ അടുത്ത് നല്ല സ്വാധീനം ഉണ്ടായിരുന്നതിനാൽ അലക്സാണ്ടറിനും അറിയോസിനും ഒരു കത്തയ്ക്കുന്നതിന് പ്രേരിപ്പിച്ചു. അപ്രകാരം എഴുതിയ കത്തിൽ അവർ തമ്മിലുണ്ടായ തർക്കം ക്രിസ്തീയ സമൂഹത്തിന്റെ സമാധാനം തകർക്കുന്നതായും ഈ തർക്കം 'പദപ്രയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള' ഒരു തർക്കമാണെന്നും എഴുതിയിരുന്നു. ഈജിപ്റ്റിലെ സഭയിൽ ബുദ്ധിമുട്ടുകളുണ്ടാക്കുന്ന വിഷയങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും അലക്സാണ്ടറിന് പ്രസ്തുത കത്ത് കൈമാറുന്നതിനുമായി ഉന്നതസ്ഥാനിയനായ കൊർഡോവയിലെ ഹോസിയസ് മെത്രാപ്പോലീത്തയെ ചുമതലപ്പെടുത്തി. ഈ കാര്യങ്ങൾ AD 325 ലെ പൊതു സുന്നഹദോസായ നിഖ്യാ സുന്നഹദോസ് ചേരുന്നതിൽ കലാശിച്ചു. ഒടുവിൽ ഈ ആദ്യ പൊതു സുന്നഹദോസിൽ അറിയോസിന്റെ വേദവിപരീതത്തെ ശക്തിയായി ശപിച്ചു തള്ളിക്കളയുകയും ചെയ്തു.

അറിയോസിനെയും മറ്റു ഏതാനും പേരെയും കുസ്തന്തീനോസ് ചക്രവർത്തി ഇല്ലിറിക്കം എന്ന സ്ഥലത്തേക്ക് നാട് കടത്തുകയും ചെയ്തു. അലക്സാണ്ടർ നിഖ്യാ സുന്നഹദോസ് കഴിഞ്ഞ് അഞ്ച് മാസത്തിനു ശേഷം കാലം ചെയ്തുവെന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായ അത്താനാസിയോസ്

രേഖപ്പെടുത്തിയിട്ടുണ്ട്. AD 326 ൽ ആണ് അലക്സാണ്ടർ കാലം ചെയ്തതെന്ന് കണക്കാക്കാം (Smith & Wace. 1877). എന്നാൽ സുന്നഹദോസിനുശേഷം മടങ്ങിവന്ന അലക്സാണ്ടർ രണ്ടു വർഷത്തിനുശേഷം തന്റെ പിൻഗാമിയായി അത്തനാസിയോസിനെ നിർദ്ദേശിച്ചശേഷം കാലം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട് (Thurston & Attwater, 1990). ഇരുന്നുകൊണ്ട് സുവിശേഷങ്ങൾ വായിക്കരുതെന്നുള്ള പാരമ്പര്യത്തെ സംബന്ധിച്ച് അത്തനാസിയോസ് പരാമർശിച്ചിട്ടുണ്ട്. അലക്സന്ത്രിയ പാത്രിയർക്കീസായ അലക്സാണ്ടറിന്റെ ഓർമ്മ ഫെബ്രുവരി 26-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 13. റോമിലെ പാത്രിയർക്കീസായ വിശുദ്ധ സിൽവസ്റ്റർ ഒന്നാമൻ

(AD ? - AD 335)

ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം നൽകിയ മിലാൻ വിളംബരത്തിനുശേഷം AD 314 ൽ വിശുദ്ധ സിൽവസ്റ്റർ ഒന്നാമൻ വിശുദ്ധ മിൽറ്റിയാഡസിന്റെ പിൻഗാമിയായി സ്ഥാനമേറ്റു. റൂഫിനസ് എന്ന റോമാക്കാരന്റെ മകനായിരുന്നു സിൽവസ്റ്റർ (Thurston & Attwater, 1990). കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചശേഷം സിൽവസ്റ്ററാണ് അദ്ദേഹത്തെ മാമോദീസ മുക്കിയത്. അതിനുള്ള നന്ദി സൂചകമായി സഭയ്ക്ക ഇറ്റലിയിലെ പ്രദേശങ്ങൾ നൽകി. എന്നാൽ കുസ്തന്തീനോസ് ചക്രവർത്തി മരണകിടക്കയിൽ കിടക്കുന്ന സമയം വരെയും സ്നാനമേറ്റിരുന്നില്ലെന്നും (ക്രിസ്തുമത വിശ്വാസത്തെ സംബന്ധിച്ച് പഠിച്ചുകൊണ്ടിരുന്നുവെന്നും) സിൽവസ്റ്ററിന്റെ കാലശേഷമാണ് സ്നാനമേറ്റതെന്നുമുള്ള വാദഗതികളുണ്ട്.

ഭൂഗർഭ കല്ലറകളിൽനിന്ന് ഉയർത്തെഴുന്നെറ്റ സഭയുടെ ആദ്യ പോപ്പാണ് സിൽവസ്റ്റർ എന്നും പരാമർശമുണ്ട്. ബിഥിനിയായിലെ നിഖ്യായിൽ AD 325 ജൂണിൽ കൂടിയ സാർവ്വത്രിക സുന്നഹദോസ് ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് നടന്നത്. വിറ്റുവസ്, വിൻസെൻഷ്യസ് എന്നീ രണ്ടു പ്രതിനിധികളെ സിൽവസ്റ്റർ ഈ സുന്നഹദോസിലേക്കയച്ചിരുന്നു (Smith & Wace, 1887; Cross & Livingstone, 1974). കുസ്തന്തീനോസ് ചക്രവർത്തി സിൽവസ്റ്ററിനു കൊടുത്ത ലറ്റീറൻ കൊട്ടാര സമുച്ചയത്തിലാണ് സിൽവസ്റ്റർ റോമിലെ കത്തീഡ്രൽ ദൈവാലയം സ്ഥാപിച്ചത്. കുസ്തന്തീനോസ് ചക്രവർത്തി മറ്റെല്ലാ മെത്രാപ്പോലീത്തന്മാരേക്കാൾ പ്രാമുഖ്യം റോമിലെ

മെത്രാപ്പോലീത്തായ്ക്കു നൽകുകയും ഇറ്റലിയുടെ ഭരണം സിൽവസ്റ്റർക്കു നൽകുകയും ചെയ്തു. വത്തിക്കാനിലെ സെന്റ് പീറ്ററിന്റെ നാമത്തിലുള്ള ആദ്യത്തെ ദൈവാലയം പണി കഴിപ്പിച്ചത് കുസ്തന്തിനോസ് ചക്രവർത്തിയാണ്. AD 330 ൽ ചക്രവർത്തി തന്റെ തലസ്ഥാനം റോമിൽ നിന്ന് കുസ്തന്തീനോപോലീസിലേക്ക് മാറ്റി. പ്രിസ്കില്ല സെമിത്തേരിയിൽ സിൽവസ്റ്റർ പണി കഴിപ്പിച്ച ദൈവാലയത്തിലാണ് AD 335 ൽ സിൽവസ്റ്റർ കബറടക്കപ്പെട്ടത്.

വിശുദ്ധ സിൽവസ്റ്ററിന്റെ ഓർമ്മ ജനുവരി 2-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 14. മൂറായിലെ മെത്രാപ്പോലീത്ത വിശുദ്ധ സോഖെ (നിക്കോളാവോസ്)

(AD ? - AD 342)

എപ്പിഫാനിയസിന്റെയും ജോവാനയുടെ മകനായി സോഖെ (നിക്കോളാവോസ്) ജനിച്ചു. അവർ തെക്കു പടിഞ്ഞാറൻ ഏഷ്യ മൈനറിലെ പറ്റാക്ക പട്ടണത്തിലാണ് (ലൈസിയ, ടർക്കി) താമസിച്ചിരുന്നത്. അവിടെ അവർ ഉന്നതമായ പദവിയുള്ളവരായിരുന്നു. സോഖെ ജനിച്ചപ്പോൾ അവൻ എഴുന്നേറ്റുനിന്ന് ദൈവത്തെ മഹത്വപ്പെടുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (Smith & Wace, 1887; Paul, 2014).

ശിശുവായിരുന്നപ്പോൾ സോഖെ അമ്മയുടെ മുലപ്പാൽ കുടിക്കുന്നതിൽനിന്ന് ഒഴിഞ്ഞിരിക്കുകയും അങ്ങനെ കാനോനികമായ ബുധൻ, വെള്ളി നോമ്പുകൾ ആചരിക്കുകയും ചെയ്തിരുന്നു. വളർന്നപ്പോൾ സോവെ സന്യാസ രീതികൾ സ്വീകരിക്കുകയും പലസ്തീനിലെ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് തിർത്ഥയാത്ര നടത്തുകയും ചെയ്തു. തുടർന്ന് സോഖെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും അതുവഴി സമുദ്രയാത്രക്കാരുടെ പ്രത്യേക മദ്ധ്യസ്ഥനെന്ന നിലയിൽ അറിയപ്പെടുകയും ചെയ്തു (Smith & Wace, 1887; Paul, 2014). അദ്ദേഹത്തിന് കാലാവസ്ഥ പ്രവചിക്കുന്നതിനുള്ള വരമുണ്ടായിരുന്നു. ഒരിക്കൽ പായ്കപ്പലിൽനിന്നു വീണ ഒരാളെ സോഖെ സൗഖ്യമാക്കി.

ആശ്രമാധിപനായിരുന്ന സോഖെ മൂറയിലെ (Myra in Lycia) ആർച്ച് ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുകയും അദ്ദേഹത്തിന്റെ അസാധാരണമായ നിർമ്മല ജിവിതവും ഉത്സാഹവും മൂലം ദേശത്തെല്ലാം അറിയപ്പെടുകയും ചെയ്തു. സത്യവിശ്വാസത്തിനുവേണ്ടി തടവിലാക്കപ്പെടുകയും ഡയോ

ക്ലീഷ്യൻ ചക്രവർത്തിയുടെ പീഢനത്തിന്റെ അവസാന ഭാഗത്ത് സത്യവിശ്വാസം മഹിമയോടെ ഏറ്റുപറയുകയും ചെയ്തു (Cross & Livingstone, 1974). AD 325 ലെ നിഖ്യാ സുന്നഹദോസിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുകയും അറിയോസിനെ ശക്തിയായി എതിർക്കുകയും ചെയ്തു.

സോഖെ AD 342 ൽ കാലം ചെയ്യുകയും അദ്ദേഹത്തിന്റെ തന്നെ മൂറായിലെ കത്തീഡ്രലിൽ കബറടക്കപ്പെടുകയും ചെയ്തു. ഇംഗ്ലണ്ടിൽ സോഖെയുടെ കീർത്തി വളരെ പ്രസിദ്ധമാണ്. സോഖെയുടെ നാമത്തിൽ വളരെയേറെ പള്ളികളും സ്ഥാപിതമായിട്ടുണ്ട്. AD 430 ൽ ജസ്റ്റീനിയൻ ചക്രവർത്തി സോഖെയുടെ ബഹുമാനാർത്ഥം കുസ്തന്തീനോസ് പോലീസിൽ ഒരു ദൈവാലയം സ്ഥാപിച്ചു (Butler, 1866). AD 1095 (1087 ?) ൽ സോഖെയുടെ തിരുശേഷിപ്പുകൾ ഇറ്റലിയിലെ ബാറിയിലേക്കു കൊണ്ടുപോകുകയുണ്ടായി (Cross & Livingstone, 1974; Walsh, 1985; Paul, 2014). ഇതിനാൽ സോഖെ പലപ്പോഴും ബാറിയിലെ നിക്കോളാവോസ് എന്നറിയപ്പെടുന്നു. സോഖെയുടെ ഓർമ്മ സുറിയാനി സഭ ഡിസംബർ 6-ാം തീയ്യതി ആചരിക്കുന്നു.

# 15. നൈട്രിയയിലെ വിശുദ്ധ അമ്മോൻ

(c. AD 288 ? - c. AD 350)

നൈട്രിയയിൽ ആദ്യമായി ആശ്രമം സ്ഥാപിച്ച പിതാവാണ് വിശുദ്ധ അമ്മോൻ. ഇപ്പോൾ വാടി നേട്രം എന്നറിയപ്പെടുന്ന നൈട്രിയ അലക്സന്ത്രിയയിൽനിന്നും എഴുപതു മൈൽ തെക്ക്-കിഴക്കായി സ്ഥിതിചെയ്യുന്നു. ഈ പ്രദേശം ഇഴജന്തുക്കളാലും രക്തം വലിച്ചുകുടിക്കുന്ന ഈച്ചകളാലും കാട്ടുചെടികളാലും നിറഞ്ഞുകിടക്കുന്ന ഒരു ചതുപ്പുനിലമാണ്. ഈ സ്ഥലം മരുഭൂമിയേക്കാൾ മോശമായതിലാണ് സന്ന്യാസികൾ ഈ പ്രദേശം തെരഞ്ഞെടുത്തത് (Thurston & Atwater, 1990, Vol. IV).

വിശുദ്ധ അമ്മോന്റെ നിര്യാണത്തിനുശേഷം അൻപതു വർഷം കഴിഞ്ഞ് പലേഡിയസ് നൈട്രിയ സന്ദർശിക്കുകയും ഇപ്രകാരം രേഖപ്പെടുത്തുകയും ചെയ്തു. നൈട്രിയയിലെ മലമുകളിൽ വിവിധ ജീവിതരീതികൽ അവലംബിക്കുന്ന അയ്യായിരത്തോളം ആളുകളുണ്ടായിരുന്നു. അവർ അവരുടെ ശക്തിക്കും ആഗ്രഹത്തിനും അനുസരിച്ചു ഏകനായൊ, മറ്റൊരാളോടുകൂടെയോ, സമൂഹമായോ ജീവിച്ചിരുന്നു. അവിടെ അറുനൂറ് താപസന്മാർ ഉണ്ടായിരുന്നു. അവിടെ മലയിൽ ഏഴ് ബേക്കറികളുണ്ടായിരുന്നു. ഈ ബേക്കറികളിൽനിന്നാണ് അവിടെയുള്ള ആളുകൾ അവർക്കാവശ്യമായിരുന്നത് വാങ്ങിയിരുന്നത്.

നൈട്രിയ മലയിൽ ഒരു വലിയ ദൈവാലയവും അതിനോടടുത്ത് മൂന്ന് പനകളും നിന്നിരുന്നു. ആ പനകളിൽ ഓരോന്നിൽ നിന്നും ഓരോ ചാട്ടവാർ തൂക്കിയിട്ടിരുന്നു. തെറ്റുചെയ്യുന്ന ഏകാന്തവാസികളെ ഉദ്ദേശിച്ചായിരുന്നു ഒരെണ്ണം, മറ്റൊന്ന് പിടിച്ചുപറിക്കാർ ആ വഴി വന്നെങ്കിൽ അവരെ ഉദ്ദേശിച്ചും മൂന്നാമത്തേത് യാദൃശ്ചികമായി അവിടെ

വരുന്നവരെ ഉദ്ദേശിച്ചും ആയിരുന്നു. തെറ്റു ചെയ്യുന്നവർ അടികൊള്ളുന്നതിന് അർഹരാണെന്ന് വിധി കൽപ്പിച്ചാൽ അവരെ പനമരത്തിൽ കെട്ടി നിശ്ചിത എണ്ണം അടികളേൽപ്പിച്ച് അഴിച്ചുവിടുമായിരുന്നു. ഒൻപതാം മണി സമയത്ത് ആളുകൾ താമസിക്കുന്ന ഓരോ സ്ഥലത്തുനിന്നും സങ്കീർത്തനങ്ങൾ ഉരുവിടുന്നത് കേൾക്കാമായിരുന്നു.

അമ്മോന് ഇരുപത്തിരണ്ട് വയസ്സായപ്പോൾ അമ്മോന്റെ ചാർച്ചക്കാർ (അമ്മാവൻ) അമ്മോൻ വിവാഹിതനാകുന്നതിന് നിർബന്ധിച്ചു. കന്യകാത്വത്തെകുറിച്ച് വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നതിനെകുറിച്ച് അമ്മോൻ പ്രതിശ്രുത വധു വിനെ വായിച്ചു കേൾപ്പിക്കുകയും അവർ വിവാഹസ്പർശമി ല്ലാതെ ഒന്നിച്ചു ജീവിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. അതിൻപ്രകാരം അവർ സഹോദരീസഹോദരന്മാരെ പോലെ പതിനെട്ടു വർഷം ഒരു ഭവനത്തിൽ ഒന്നിച്ചു താമസിക്കുകയും ചെയ്തു (Smith & Wace, 1877). അമ്മോൻ മരുഭൂമിയിലെ തീവ്രമായ ചര്യങ്ങൾ പാലിച്ചുകൊണ്ട് ശരീരത്തെ ഈ വിധ ജീവിതരീതികളിലേക്ക് ഒരുക്കുകയും ചെയ്തു. പകൽ സമയത്ത് നിലം ഉഴുത് കൃഷിചെയ്തു കഠിനാദ്ധ്വാനം ചെ യ്തു. അമ്മോൻ പച്ചകറികളും പഴങ്ങളും ഭക്ഷിക്കുകയും രാത്രിയിൽ ദീർഘസമയം പ്രാർത്ഥനയിൽ ചിലവഴിക്കുകയും ചെയ്തു. പിന്നീട് അമ്മോൻ നൈട്രിയയിൽ തനിയെ താമസിക്കുകയും പ്രിതിശ്രുധ വധു ധാരാളം സ്ത്രീകളെ അവളുടെ ഭവനത്തിൽ കൂട്ടി വരുത്തുകയും ചെയ്തു വന്നു. അമ്മോൻ ആറു മാസത്തിലൊരിക്കൽ അവരെ സന്ദർശിക്കുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവന്നു.

ഉത്തമമായ സന്യാസചര്യകളിലാണ് അമ്മോൻ ജീവി ച്ചിരുന്നത്. ആദ്യമൊക്കെ ദിവസവും ഒരു നേരം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളൂ. പിന്നീട് രണ്ടും നാലും ദിവസത്തിലൊരിക്കൽ മാത്രമായി ഭക്ഷണം ചുരുക്കി. ഒരിക്കൽ തന്റെ ശിഷ്യനായ തിയഡോറുമായി ഒരു നദി കടന്നപ്പോൾ ഒരു അത്ഭുതം സംഭവിച്ചു. അവർ നദി കടക്കുന്നതിനായി വന്നപ്പോൾ നദി കരകവിഞ്ഞൊഴുകുകയായിരുന്നു. എന്നാൽ

നദി നീന്തികടക്കുന്നതിന് വസ്ത്രമഴിക്കുന്നതിന് നാണിച്ചു നിന്ന അമ്മോൻ നദിക്ക് അക്കരെ നിൽക്കുന്നതായാണ് കണ്ടത്. അമ്മോനെ നദിക്കക്കരെ കണ്ട തിയോഡോർ അമ്മോൻ എങ്ങനെ അവിടെയെത്തി എന്നാരാഞ്ഞു. അമ്മോൻ ആ അത്ഭുതം തിയഡോറിനോടു പറയുകയും ആരോടും അത് പറയരുതെന്ന് സത്യം ചെയ്യിക്കുകയും ചെയ്തു.

വിശുദ്ധ അമ്മോൻ അറുപത്തിരണ്ടാമത്തെ വയസ്സിൽ കാലം ചെയ്തു. വിശുദ്ധ അമ്മോന്റെ ഓർമ്മ ഏപ്രിൽ 29-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 16. രക്തസാക്ഷിയായ ബർ ഹാദ് ബെശാബോ ശെമ്മാശൻ

(AD ? - c. AD 355)

പേർഷ്യയിലെ സഭ ഉദ്ദേശം AD 340 ൽ ഏറ്റവും കഠിന മായ പീഢയിൽകൂടെ കടന്നുപോയി. പീഢയുടെ പതിനഞ്ചാ മാണ്ടിൽ അഡിയബീനിലെ ഗവർണറായ സാപോർ റ്റാംസാ പോറിന്റെ നിർദ്ദേശാനുസരണം അർബേല പട്ടണത്തിലെ ശെമ്മാശനായ ബർ ഹാദ് ബെശാബൊ പിടിക്കപ്പെടുകയും പീഢിപ്പിക്കപ്പെടുകയും ചെയ്തു.

പീഢകന്മാർ ശെമ്മാശന്റെ നേരെ അലറികൊണ്ട് പറ ഞ്ഞു: ''നീ വെള്ളത്തെയും അഗ്നിയേയും ആരാധിക്കുക, മൃഗങ്ങളുടെ രക്തം കുടിക്കുക, നിന്നെ ഞങ്ങൾ വിട്ടയക്കാം''. ശെമ്മാശൻ മറുപടിയായി പറഞ്ഞു: ''ഞാൻ എന്റെ ബാല്യം മുതൽ ഈ വാർദ്ധക്യം വരെയും യേശുക്രിസ്തുവിനെ മാത്ര മെ സേവിച്ചിട്ടുള്ളു. നിനക്കൊ, നിന്റെ രാജാവിനൊ ഏതെ ങ്കിലും വിധത്തിലുള്ള കഷ്ടതക്കൊ ദൈവസ്നേഹത്തി ൽനിന്ന് എന്നെ വേർപെടുത്താൻ കഴിയുകയില്ല.'' തുടർന്ന് ശെമ്മാശനെ ശിരഛേദനത്തിനായി വിധിച്ചു. ശെമ്മാശൻ ബന്ധിക്കപ്പെട്ടവനായി മാലാഖമാരോടു ചേർക്കപ്പെടുന്നതി നുള്ള ആ നിമിഷത്തിനായി സന്തോഷത്തോടെ കാത്തിരുന്നു. വിശ്വാസം ത്യജിച്ച അഗ്ഗായി എന്ന ആരാചാർ ശെമ്മാശന്റെ തല ശരീരത്തിൽ നിന്ന് വേർപ്പെടുത്തുന്നതിനായി ഏഴു തവണ കഴുത്തിൽ ശക്തിയോടെ അടിച്ചു. എന്നാൽ തല ശരീരത്തിൽനിന്ന് വേർപ്പെട്ടില്ല. ഒടുവിൽ ഒരു വാളുകൊണ്ട് തല ശരീരത്തിൽനിന്ന് വേർപ്പെടുത്തി. ചില ഗ്രന്ഥങ്ങളിൽ രക്തസാക്ഷിത്വത്തിന്റെ വർഷം AD 355 നു പകരം AD 338 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ന്യായാധിപൻ ഹാദ് ബെശാബോയുടെ ശരീരം കാക്കുന്നതിനായി കാവൽക്കാരെ ഏൽപ്പിച്ചു, എന്നാൽ രാത്രിയിൽ ശരീരം എടുത്തുകൊണ്ടുപോയി കബറടക്കി. ബർ ഹാദ് ബെശാബൊ രക്തസാക്ഷിയുടെ ഓർമ്മ മാർച്ച് ൮-ാം തീയ്യതി സുറിയാനി ആചരിക്കുന്നു.

## 17. വിശുദ്ധ അബ്രഹാം കിദുനായ്

(c. AD 296 - c. AD 366)

മെസപ്പൊട്ടോമിയയിലെ എഡേസ്സായ്ക്കടുത്ത് ഉദ്ദേശം AD 296 ൽ ഒരു സമ്പന്ന കുടുംബത്തിലാണ് അബ്രഹാം കിദുനായ് ജനിച്ചത്. വിവാഹിതനാകുവാനുള്ള മാതാപിതാക്കന്മാരുടെ ആഗ്രഹത്തിന് വിരുദ്ധമായി അബ്രഹാം ഓടിപോകുകയും ഒരു സന്യാസിയാകുകയും ചെയ്തു. മാതാപിതാക്കന്മാർ നിര്യാതരായപ്പോൾ അബ്രഹാം ആർജ്ജിച്ച സ്വത്തു മുഴുവനും ദരിദ്രർക്കായി ഭാഗിച്ചുകൊടുക്കുന്നതിന് അബ്രഹാം തന്റെ സുഹൃത്തുക്കളിൽ ഒരാളെ ചുമതലപ്പെടുത്തി.

അബ്രഹാമിന് ഒരു പുതപ്പും, ഒരു ആട്ടിൻതോൽ കൊണ്ടുള്ള വസ്ത്രവും, ഭക്ഷണത്തിനും കുടിക്കുന്നതിനുമായി ഒരു പാത്രവും ഉറങ്ങുന്നതിനു ഒരു പുൽപായയും ഉണ്ടായിരുന്നു (Thurston & Attwater, 1990; Farmer, 1997). ഭക്ഷണം സ്വീകരിക്കുന്നതിനുള്ള ഒരു ദ്വാരം മാത്രമുള്ള ഒരു ഇടുങ്ങിയ മുറിയിലാണ് അബ്രഹാം ജീവിച്ചിരുന്നത്. തന്റെ ഓരോ ദിവസവും തന്റെ അവസാന ദിവസം എന്ന് അബ്രഹാം കരുതിയിരുന്നു.

അബ്രഹാം താമസിച്ചിരുന്ന മുറിയിൽ നിന്ന് ഏറെ ദൂരെയല്ലാതെ ബെത് കിദുന എന്നു വിളിക്കപ്പെട്ടിരുന്ന ഒരു പട്ടണമുണ്ടായിരുന്നു. അവിടുത്തെ പൗരന്മാരെല്ലാം വിഗ്രഹാരാധനക്കാരായിരുന്നു. അവരെ സുവിശേഷം അറിയിക്കുന്നതിനുള്ള എല്ലാ പ്രയത്നങ്ങളെയും അവർ അക്രമങ്ങളോടുകൂടെ എതിർത്തു. എഡേസ്സായിലെ (ഉറഹായിലെ) മെത്രാപ്പോലീത്തായ്ക്കു ഇതു ഒരു ദുഃഖകാരണമായിരുന്നു. എഡേസ്സായിലെ മെത്രാപ്പോലീത്ത അബ്രഹാമിനോട് (അദ്ദേഹത്തിന്റെ ആഗ്രഹത്തിനെതിരായി) തന്റെ സന്യാസസ്ഥാനം വിട്ട് ബെത്ത് കിദുനയിലെ ആളുകളോട് സുവിശേഷം അറിയിക്കുന്നതിനായി അയക്കുകയും അദ്ദേഹത്തെ

വൈദികനാക്കുകയും ചെയ്തു. അബ്രഹാം പട്ടണത്തിൽ ഒരു ദൈവാലയം പണികഴിപ്പിക്കുകയും അവിടെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തുവെങ്കിലും ആ പട്ടണവാസികൾ സുവിശേഷം ശ്രവിക്കുന്നതിന് സന്നദ്ധരായില്ല. അതിനാൽ അദ്ദേഹം രാത്രിയിൽ മടങ്ങിപോരുകയും വീണ്ടും അടുത്ത ദിവസം രാവിലെ ബെത്ത് കിദുനായിലേക്ക് പോകുകയും ചെയ്തുവന്നു. അവർ അബ്രഹാമിനെ കല്ലെറിയുകയും അർദ്ധ പ്രാണനായി ഉപേക്ഷിക്കുകയും ചെയ്തു. ബോധം വീണ്ടുകിട്ടിയശേഷം അബ്രഹാം വീണ്ടും തിരികെ വരികയും അവരുടെ നിരന്തരമായ പ്രകോപനങ്ങളും, അവഹേളനങ്ങളും, വടിയും കല്ലുകളും ഉപയോഗിച്ചുള്ള ആക്രമണങ്ങളും അവഗണിച്ച് മൂന്ന് സംവത്സരം സുവിശേഷവേല നടത്തിയെങ്കിലും പ്രത്യക്ഷമായ യാതൊരു പ്രയോജനവുമുണ്ടായില്ല.

പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ, അബ്രഹാമിന്റെ സഹനം അദ്ദേഹത്തിന്റെ വിശുദ്ധിയെ അവർക്കു ബോധ്യപ്പെടുത്തുകയും അവർ അദ്ദേഹത്തിന്റെ സന്ദേശം ശ്രദ്ധിക്കുകയും മാമോദീസാ സ്വീകരിക്കുകയും ചെയ്തു. അടുത്ത ഒരു വർഷം കൂടി അബ്രഹാം അവരെ വിശ്വാസ സത്യങ്ങളും ക്രിസ്തീയ നീതി, ദാന ധർമ്മങ്ങൾ എന്നിവയെ കുറിച്ച് പഠിപ്പിക്കുകയും പിന്നീട് തന്റെ സന്യാസചര്യ ആചിരിച്ചിരുന്ന സ്ഥാനത്തേക്ക് മടങ്ങിപോകുകയും ചെയ്തു. അബ്രഹാമിന്റെ കിദുനയിലെ പ്രവർത്തനങ്ങളുടെ വിജയമാണ് അദ്ദേഹം അബ്രഹാം കിദുനായ് എന്നറിയപ്പെടുന്നതിന് കാരണമായത്.

അബ്രഹാം അൻപതു സംവത്സരം സന്യാസിയായി ജീവിക്കുകയും എഴുപതാമത്തെ വയസ്സിൽ കാലം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ ഒടുവിലത്തെ രോഗാവസ്ഥ അറിഞ്ഞ പട്ടണത്തിലെ ജനം മുഴുവനും അദ്ദേഹത്തിന്റെ അനുഗ്രഹത്തിനായി തടിച്ചുകൂടി. അദ്ദേഹം കാലം ചെയ്തശേഷം അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ ഒരംശം കിട്ടുന്നതിനായി ഓരോരുത്തരും ആഗ്രഹിച്ചു. അബ്രഹാം കിദുനായുടെ ഓർമ്മ ഒക്ടോബർ 24-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 18. സന്യാസിയായ വിശുദ്ധ ഹിലാരിയോൺ

(AD 291? - AD 371)

ഗാസയുടെ തെക്കുവശത്തായി സ്ഥിതിചെയ്യുന്ന തബതാ എന്ന ഗ്രാമത്തിലാണ് ഹിലാരിയോൺ ജനിച്ചത്. വിദ്യാഭ്യാസത്തിനായി മാതാപിതാക്കൾ ഹിലാരിയോണിനെ അലക്സന്ത്രിയായിലേക്ക് അയച്ചു. അവിടെവച്ച് ഹിലാരിയോൺ ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ച് മനസ്സിലാക്കുകയും പതിനഞ്ചു വയസ്സുള്ളപ്പോൾ സ്നാനമേൽക്കുകയും ചെയ്തു (Thurston & Attwater, 1990; Walsh, 1985).

ഹിലാരിയോൺ ഈജിപ്റ്റിലെ വിശുദ്ധ ആന്റണിയെ (AD 251-356) സന്ദർശിക്കുകയും രണ്ടു മാസത്തോളം അദ്ദേഹത്തോടുകൂടെ താമസിക്കുയും ചെയ്തു. അതിനുശേഷം ഉദ്ദേശം AD 306/7 ൽ ഹിലാരിയോൺ ഈജിപ്റ്റിലേക്കുള്ള വഴിയിൽ മജുമ്മയിൽ നിന്ന് ഏഴു മൈൽ ദൂരെയുള്ള മരുഭൂമിയിൽ താമസമാക്കുകയും ചെയ്തു (Attwater & John, 1996;Farmer,1997). അദ്ദേഹത്തിന്റെ വസ്ത്രം ചാക്കുകൊണ്ടുള്ള (ചണം കൊണ്ടുള്ള) ഒരു ഷർട്ടും, വിശുദ്ധ ആന്റണി ഹിലാരിയോണിനു കൊടുത്ത തുകൽകൊണ്ടുള്ള ഒരു നീളൻ കുപ്പായവും, ഒരു (സാധാരണ) ചെറിയ പുതപ്പും ആയിരുന്നു. ഒരു ദിവസത്തെ അദ്ദേഹത്തിന്റെ ഭക്ഷണം പതിനഞ്ചു അത്തിപഴമായിരുന്നു. അത് സൂര്യ അസ്തമനം വരെ അദ്ദേഹം ഭക്ഷിക്കുകയില്ലായിരുന്നു (Smith & Wace, 1882). ഈജിപ്റ്റിലെ സന്യാസിമാരെ അനുകരിച്ച് അദ്ദേഹം നിലം ഉഴുകയും, കുട്ടകൾ ഉണ്ടാക്കുകയും അങ്ങിനെ ജീവിതത്തിനുള്ള അത്യാവശ്യങ്ങൾ നിർവ്വഹിക്കുമായിരുന്നു. ഈ രീതിയിൽ ഇരുപത് സംവത്സരം ഹിലാരിയോൺ വിജനപ്രദേശത്ത് ചെലവഴിച്ചു.

ആദ്യ വർഷങ്ങളിൽ പുല്ലും ഈറ്റകൊണ്ടും നിർമ്മിച്ച കുടിലിലാണ് താമസിച്ചിരുന്നത്. പിന്നീട് അഞ്ചടി ഉയരവും നാലടി വിസ്താരമുള്ള ചെറിയ ഒരു അറയുണ്ടാക്കുകയും അതിൽ താമസിക്കുകയും ചെയ്തു. അത് ഒരു വീടുപോലെ യല്ല, ഒരു കല്ലറയ്ക്ക് സമാനമായിരുന്നു. ഹിലാരിയോണിന് അറുപത്തിയഞ്ച് വയസ്സുള്ളപ്പോൾ (AD 356 ൽ) വിശുദ്ധ ആന്റണിയുടെ മരണത്തെകുറിച്ച് ഒരു വെളിപാടുണ്ടായി. അതനുസരിച്ച് വിശുദ്ധ ആന്റണിയുടെ മലയിലേക്ക് യാത്ര ചെയ്തു. സന്ദർശകരെ ഒഴിവാക്കുന്നതിനായി ആന്റണി പല പ്പോഴും താമസിച്ചിരുന്ന രണ്ട് അറകൾ ഹിലാരിയോൺ കണ്ടെത്തി. വിശുദ്ധ ആന്റണിയുടെ രണ്ടു ശിഷ്യന്മാരും ഹിലാരിയോണും ആന്റണിയെ കബറടക്കിയിരുന്ന സ്ഥലം കാണുന്നതിനാഗ്രഹിച്ചു. എന്നാൽ ആന്റണിയുടെ ശവകു ടീരം ആർക്കും കാണിച്ചുകൊടുക്കരുതെന്ന് ആന്റണി കർശനമായി പറഞ്ഞിട്ടുണ്ടെന്ന് ആന്റണിയുടെ ശിഷ്യന്മാർ പറഞ്ഞു. ഹിലാരിയോൺ അഫ്രോഡിറ്റൊപോലീസിനിലേക്ക് മടങ്ങുകയും അവിടെ നിശബ്ദതയിലും ഇന്ദ്രിയജയത്തിലും നാളുകൾ ചെലവഴിക്കുകയും ചെയ്തു (Thurston & Attwater, 1990). വിശുദ്ധ ആന്റണിയുടെ മരണശേഷം മൂന്നു സംവത്സരമായി അവിടെ മഴ പെയ്തിരുന്നില്ല. അവിടെയുള്ള ആളുകൾ ഹിലാരിയോണിനെ വിശുദ്ധ ആന്റണിയുടെ പിൻഗാമിയായി കരുതുകയും മഴക്കുവേണ്ടി പ്രാർത്ഥി ക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തു. ഹിലാരിയോൺ സ്വർഗ്ഗത്തിലേക്ക് നോക്കി തന്റെ കൈകൾ ഉയർത്തി പ്രാർത്ഥിക്കുകയും ഉടനെ തന്നെ ശക്തിയായ ഒരു മഴ പെയ്യുകയും ചെയ്തു.

ഹിലാരിയോണിന്റെ മദ്ധ്യസ്ഥതയാൽ നിരവധി അത്ഭു തങ്ങൾ നടന്നിട്ടുണ്ട്. മക്കളില്ലാതിരുന്ന എലുത്രോപോലീസിലെ ഒരു സ്ത്രീക്ക് ഹിലാരിയോണിന്റെ മദ്ധ്യസ്ഥതയാൽ ഒരു മകനുണ്ടായി. ഹിലാരിയോൺ പ്രാർത്ഥിച്ച എണ്ണ പുരട്ടി പാമ്പുകടിയേറ്റവരും മറ്റു വിഷകീടങ്ങൾ കുത്തിയവരുമായ പണിക്കാരും ആട്ടിടയരും സൗഖ്യം പ്രാപിച്ചതിനാൽ ഹിലാരി യോൺ ആ ദേശത്ത് വളരെ പൊതുസമ്മതിയുള്ളയാളാ

യിരുന്നു. ശിഷ്യനായ ഹെസിക്കിയസിനോടുകൂടെ ഹിലാരിയോൺ സിസിലിയിലേക്കും പിന്നീട് ഡാൽമേഷ്യൻ തീരത്തുള്ള എപ്പിഡോറസിലേക്കും പോകുകയുണ്ടായി. ഒടുവിൽ ഏകാന്ത ജീവിതം നയിക്കുന്നതിനായി ഹിലാരിയോൺ സൈപ്രസിലേക്കു പോകുകയും പാഫോസിൽനിന്ന് രണ്ടു മൈൽ അകലെയുള്ള ഒരു സ്ഥലത്ത് താമസിക്കുകയും ചെയ്തു. സലാമിസിലെ മെത്രാപ്പോലീത്തയായിരുന്ന വിശുദ്ധ എപ്പിഫാനിയസ് (c. AD 315-402) ഹിലാരിയോണിന്റെ അവസാന നാളുകളിൽ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. ഹിലാരിയോൺ തന്റെ എൺപതാം വയസ്സിൽ കാലം ചെയ്യുകയും പാഫോസിനടുത്ത് കബറടക്കപ്പെടുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ മജുമ്മയിലേക്ക് കൊണ്ടുപോയി. ഹിലാരിയോൺ ഗാസയിലെ ഹിലാരിയോൺ (St. Hilarion of Gaza) എന്നും അറിയപ്പെടുന്നു. ഹിലാരിയോണിന്റെ ഓർമ്മ ഒക്ടോബർ 21-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 19. യെരുശലേമിലെ വിശുദ്ധ സിറിൽ

(c. AD 315? - AD 386)

വിശുദ്ധ സിറിൽ ഉദ്ദേശം AD 315 ൽ യെരുശലേമിൽ ജനിക്കുകയും അവിടെ തന്നെ വിദ്യാഭ്യാസം നടത്തുകയും ചെയ്തു (Thurston & Attwater, 1990). സിറിളിന് ഒരു സഹോദരിയുണ്ടായിരുന്നു ഈ സഹോദരിയുടെ മകനായിരുന്നു കൈസര്യായിലെ മെത്രാപ്പോലീത്ത ജലേസിയസ്. സിറിളിനെ ഉദ്ദേശം AD 335 ൽ യെരുശലേം മെത്രാപ്പോലീത്തയായ മക്കാറിയോസ് ശെമ്മാശനാക്കുകയും AD 345 ൽ മക്കാറിയോസിന്റെ പിൻഗാമിയായ മക്സിമസ് പുരോഹിതനാക്കുകയും ചെയ്തു (Smith & Wace, 1877).

വിശ്വാസം പഠിക്കുന്നവരുടെയും മാമോദീസ സ്വീകരിച്ചവരുടെയും പഠനകാര്യങ്ങളുടെ ചുമതല പുരോഹിതനായ സിറിളിനായിരുന്നു. വിശ്വാസ പഠനസംബന്ധമായ പ്രബോധനങ്ങളാലാണ് സിറിളിൽ ഓർമ്മിക്കപ്പെടുന്നത്. നോമ്പിന്റെ നാളുകളിൽ മാമോദീസാ സ്ഥാനാർത്ഥികൾക്കായി നടത്തിയിട്ടുള്ള പതിനെട്ടു പ്രസംഗങ്ങൾ, ഉയർപ്പിനുശേഷം പുതുതായി മാമോദീസ ഏറ്റവർക്കായി നടത്തിയിട്ടുള്ള അഞ്ച് പ്രസംഗങ്ങൾ എന്നിവയാണവ (Attwater & John, 1996). കാൽവറിയിലെ വിശുദ്ധ ഹെലനി രാജ്ഞി നിർമ്മിച്ച വിശുദ്ധ സ്ലീബാ പള്ളിയിൽ വച്ചാണ് വിശ്വാസം പഠിക്കുന്നവർക്കുള്ള പ്രബോധനങ്ങൾ നൽകിയിരുന്നത്. കുസ്തന്തീനോസിന്റെ ബസലിക്ക എന്നറിയപ്പെടുന്ന വിശുദ്ധ സ്ലീബാ പള്ളി 'മാർട്ടിരിയോൺ' എന്ന് അറിയപ്പെടുന്നു. ഉയർപ്പിന്റെ പള്ളിയിലായിരുന്നു പുതുതായി മാമോദീസ സ്വീകരിച്ചവരെ പഠിപ്പിച്ചിരുന്നത്. ഈ പ്രബോധനങ്ങളിൽ സ്ലീബാ കണ്ടെടുത്തതിനെ സംബന്ധിച്ചും കർത്താവിന്റെ കബറിനെ അടച്ചു വെച്ചിരുന്ന കല്ലിനെ സംബന്ധിച്ചും പരാമർശങ്ങൾ ഉണ്ട്.

ഉദ്ദേശം AD 349 ൽ സിറിൽ മെത്രാപ്പോലീത്തയായി (Attwater & John, 1996; Farmer, 1997). വിശുദ്ധ സിറിൽ മെത്രാപ്പോലീത്തയായശേഷമുള്ള ആദ്യ വർഷം മെയ് 7-ാം തീയതി (AD 351 ?) യെരുശലേം പട്ടണത്തിനു മുകളിൽ കാണപ്പെട്ട ഒരു അപൂർവ്വ അന്തരീക്ഷ പ്രതിഭാസത്തെക്കുറിച്ച് സിറിൽ കുസ്തന്തീനോസ് ചക്രവർത്തിക്കു എഴുതുകയുണ്ടായി (Smith & Wace, 1877; Thurston & Attwater, 1990). പ്രസ്തുത കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "മെയ് മാസത്തിലെ മദ്ധ്യാഹ്നത്തിൽ മൂന്നാം മണിനേരത്ത് ആകാശത്തിൽ ഒരു ശോഭയുള്ള സ്ലീബാ കാണപ്പെട്ടു. ഗോഗുൽത്തായുടെ മുകളിൽ കാണപ്പെട്ട സ്ലീബായുടെ മഹത്വമേറിയ ശോഭ ഒലിവു മലവരെയും എത്തുകയും ഒന്നോ രണ്ടോ പേർക്കല്ല, പട്ടണത്തിലുള്ളവർക്കെല്ലാം വ്യക്തമായും കൃത്യമായും കാണപ്പെടുകയും ചെയ്തു. വിചാരിക്കുന്നതുപോലെ ഇത് ഒരു നൈമിഷികമായ കാഴ്ചയൊ മായാകാഴ്ചയൊ ആയിരുന്നില്ല മറിച്ച് ഏറെ മണിക്കൂറുകൾ തുടരുകയും സൂര്യനേക്കാൾ പ്രകാശമുള്ളതായി ഞങ്ങളുടെ കണ്ണുകൾക്ക് ദൃശ്യമാകുകയും ചെയ്തു. ഈ അത്ഭുത സംഗതി കണ്ട മാത്രയിൽ പട്ടണമെല്ലാം ആദരവോടും സന്തോഷത്തോടും കൂടെ പള്ളിയിലേക്ക് ഓടികൂടുകയും ഏകസ്വരത്തിൽ ദൈവമായ യേശുക്രിസ്തുവിനെ സ്തുതിക്കുകയും ചെയ്തു (Thurston & Attwater, 1990). ഈ അത്ഭുതകരമായ കാഴ്ച മൂലമുണ്ടായ ആവേശത്താൽ ധാരാളം യഹൂദന്മാരും പുറജാതികളും ക്രിസ്തുമതം സ്വീകരിക്കുന്നതിന് കാരണമായി (Smith & Wace, 1877).

അറിയോസിന്റെ വേദവിപരീതം മൂലമുള്ള ബുദ്ധിമുട്ടുകൾ ഏറെ ഉണ്ടായിരുന്ന കാലഘട്ടത്തിലാണ് സിറിൽ മെത്രാപ്പോലീത്തയായത്. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന ഓർത്തഡോക്സ് ത്രിത്വവിശ്വാസത്തെയാണ് അറിയോസ് എതിർത്തത്. പുത്രൻ, പിതാവിന്റെ സാരാംശത്തിൽ (of the same substance) നിന്നുള്ളവനാണെന്നും, 'മൂന്നു ആളത്വങ്ങളെ മനസ്സിൽ ഉൾകൊള്ളുന്നുവെങ്കിലും അവ മൂന്നും ഏകമാണെന്ന വിധത്തിൽ അവ സംബോധന ചെയ്യപ്പെടു

ന്നുവെന്നുമുള്ള' അന്ത്യോഖ്യാ പാത്രിയർക്കീസായ മിലിത്തി യോസിന്റെ (d. AD 381) ആശയങ്ങളെ സിറിൽ ശക്തമായി പിൻതുണച്ചിരുന്നു (Smith Wace, 1882). മേൽപറഞ്ഞ തർക്കത്തി നുപുറമെ യെരുശലേം സിംഹാസനത്തിന്റെ പ്രാമുഖ്യത്തെ സംബന്ധിച്ച് കൈസര്യായിലെ മെത്രാപ്പോലീത്ത അക്കേ സിയസുമായി സിറിലിനു അഭിപ്രായ വ്യത്യാസങ്ങളുണ്ടാ യിരുന്നു. അറിയോസ് പക്ഷക്കാരനായ വാലൻസ് ചക്രവർ ത്തി സിറിളിനെ AD 357 ൽ നാടുകടത്തി. സിറിൽ ആദ്യം അന്ത്യോഖ്യായിലേക്കും പിന്നീട് തർസോസിലേക്കും പോ കുകയും അവിടെ സിൽവാനോസ് മെത്രാപ്പോലീത്ത സിറിളി നെ പിന്തുണയ്ക്കുകയും ചെയ്തു. പിന്നീട് AD 359 ൽ സിറി ളിനെ തിരികെ വിളിക്കുകയും വീണ്ടും രണ്ടു തവണ നാടു കടത്തുകയും ചെയ്തു.

ചില എഴുത്തുകാർ പിതാവും പുത്രനും ഒരേ സത്ത യിൽനിന്നുള്ളത് (homo ousios) എന്ന പദപ്രയോഗത്തെ മുൻപ് ഭയപ്പെട്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരു ന്നാലും കുസ്തന്തീനോസ്പോലീസിലെ സുന്നഹദോസിന്റെ (AD 381) ത്രിത്വവിശ്വാസത്തെ സിറിൽ പൂർണ്ണമായി അംഗീ കരിച്ചിരുന്നു (Paul, 2014). രണ്ടാമത്തെ സാർവ്വത്രിക സുന്നഹ ദോസിൽ യെരുശലേം മെത്രാപ്പോലീത്തയായ സിറിൽ, അലക്സന്ത്രിയായിലേയും, അന്ത്യോഖ്യായിലെയും പാത്രി യർക്കീസന്മാരുടെ നിരയിലാണ് ഇരുന്നത് (Thurston & Attwater, 1990).

വിശുദ്ധ സിറിളിനെ സഭയുടെ മല്പാനായിട്ടാണ് പരി ഗണിക്കുന്നത്. എഴുപതാം വയസ്സിൽ കാലം ചെയ്ത സിറിൽ മുപ്പത്തിയഞ്ച് സംവത്സരം മെത്രാപ്പോലീത്തയായിരുന്നു. അതിൽ പതിനാറ് സംവത്സരം നാടുകടത്തപ്പെട്ട് പരദേശ വാസത്തിലായിരുന്നു (Farmer, 1997). വിശുദ്ധ സിറിളിന്റെ ഓർമ്മ മാർച്ച് 17-ാം തീയ്യതി സുറിയാനി സഭ ആചരി ക്കുന്നു.

# 20. തൂണിന്മേൽ തപസിയായ വിശുദ്ധ ദാനിയേൽ

(c. AD 409? - c. AD 493 ?)

തൂണിന്മേൽ തപസിയായിരുന്ന (ദെസ്തൂനോ) വിശുദ്ധ ശെമവൂന്റെ ഏറ്റവും അറിയപ്പെട്ട ശിഷ്യനാണ് തൂണിന്മേൽ തപസിയായിരുന്ന ദാനിയേൽ (Rajan, 2007).

മെസാപ്പോട്ടോമിയയിലെ സമോസറ്റായ്ക്കടുത്തുള്ള മാറാത്ത എന്ന സ്ഥലത്ത് ഭക്തനായ മാതാപിതാക്കളുടെ മകനായി ദാനിയേൽ ജനിച്ചു (Thurston & Attwater, 1990; Attwater & John, 1996; Farmer, 1997). ദാനിയേലിന്റെ ജനനത്തിനു മുമ്പ് അവനെ ദൈവത്തിനായി സമർപ്പിച്ചിരുന്നു. ദാനിയേൽ പന്ത്രണ്ടാമത്തെ വയസ്സിൽ വീടുവിട്ടിറങ്ങി അടുത്തുള്ള ഒരു ആശ്രമത്തിൽ ചേർന്നു. ആശ്രമാധിപൻ അന്ത്യോഖ്യായിലേക്കുള്ള ഒരു യാത്രയിൽ ദാനിയേലിനെ കൂടെ കൊണ്ടുപോയി. അവർ റ്റെലനിസ്സറിൽകൂടി കടന്നുപോയപ്പോൾ ശെമവൂൻ ദെസ്തൂനൊയെ (തൂണിന്മേൽ തപസ്സി) സന്ദർശിച്ചു. AD 459 ൽ ശെമവൂൻ ദെസ്തൂനൊ കാലം ചെയ്ത ശേഷം അദ്ദേഹത്തിന്റെ പുതപ്പും അദ്ദഹത്തിന്റെ ജീവിത രീതിയും ദാനിയേൽ സ്വീകരിച്ചു (Smith & Wace, 1877; Cross & Livingstone, 1974; Farmer, 1997).

മേൽപറഞ്ഞ സന്ദർശനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ദാനിയേൽ കുസ്തന്തീനോസ്പോലീസിന് നാലു മൈൽ വടക്കുമാറി ഒരു തൂണിന്മേൽ തപസ്സാരംഭിച്ചു. തൂണിന്മേൽ തപസ്സാരംഭിക്കുന്നതിനു മുൻപ് ദാനിയേൽ ഇപ്രകാരം പ്രാർത്ഥിച്ചു: "എന്റെ ദൈവമായ യേശുക്രിസ്തുവേ! ഞാൻ നിന്റെ മഹത്വത്തിന് എന്നെ സമർപ്പിക്കുന്നു. എന്റെമേൽ വർഷിച്ചിരിക്കുന്ന നിന്റെ അനുഗ്രഹങ്ങളാൽ ഈ വിധത്തിലുള്ള

ജീവിതം പുൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ തൂണിന്മേൽ കയറുമ്പോഴും നിന്നിൽ മാത്രം ആശ്രയിക്കുന്നു. നിങ്കലേക്കു മാത്രം നോക്കികൊണ്ട് ഞാൻ ഈ ജീവിതരീതി അവലംബിക്കുന്നു. എന്റെ ഈ ലക്ഷ്യത്തിനായി എന്നെ ശക്തീകരിച്ച് എന്നെ സ്വീകരിച്ചാലും. ഈ ബുദ്ധിമുട്ടുള്ള ജീവിതരീതി വിശുദ്ധിയിൽ പൂർത്തീകരിക്കുവാൻ എനിക്ക് കൃപ തന്നാലും" (Smith & Wace, 1877; p.786).

പട്ടണത്തിൽനിന്ന് ഏതാനും മൈൽ ദൂരെ ബോസ് ഫോറസ് എന്ന പ്രദേശത്തെ കാണത്തക്കവിധം ദാനിയേലും ദാനിയേലിന്റെ സുഹൃത്തുക്കളും ചേർന്നു ഒരു തൂണിന്മേൽ ദാനിയേൽ വസിക്കുന്നതിനുള്ള ക്രമീകരണം ചെയ്തു. ഒരു രാത്രിയിൽ കടുത്ത തണുപ്പുകൊണ്ട് ദാനിയേൽ തണുത്തുവിറച്ചു. അതിനുശേഷം ചക്രവർത്തി അദ്ദേഹത്തിനു വേണ്ടി തൂണിന്മേൽ ഒരു മെച്ചപ്പെട്ട സൗകര്യം ഒരുക്കി. ഇരുമ്പ് കമ്പികൾകൊണ്ട് രണ്ട് തൂണുകൾ ചേർത്തുകെട്ടി അതിനുമുകളിൽ കട്ടകൾ കെട്ടി ഒരു മേൽക്കൂരയുണ്ടാക്കി അതിനു ചുറ്റും കൈവരികളും ഉണ്ടാക്കി (Thurston & Attwater, 1990). കൊടും തണുപ്പും ശക്തമായ കാറ്റും ഉണ്ടായിട്ടും ദാനിയേൽ തൂണിൽ നിന്നിറങ്ങിയില്ല.

ദാനിയേലിന് ഇഷ്ടമില്ലായിരുന്നെങ്കിലും ജെനേഡിയസ് പാത്രിയർക്കീസ് ദാനിയേലിനെ പുരോഹിതനായി വാഴിച്ചു. ദാനിയേലിന്റെ തൂണിന് താഴെനിന്ന് പ്രാർത്ഥനകൾ നടത്തുകയും ഗോവണി കയറി തൂണിനു മുകളിൽ ചെന്ന് ദാനിയേലിന് കൈവെപ്പു നൽകുകയും വിശുദ്ധ കുർബ്ബാന കൊടുക്കുകയും ചെയ്തു. ദാനിയേൽ ഉച്ചകഴിഞ്ഞ് എന്നും പ്രസംഗിക്കുമായിരുന്നു. ദൈവസ്നേഹം, അയൽക്കാരനോടുള്ള സ്നേഹം, ഭിക്ഷകൊടുക്കൽ, പാപികൾക്കുള്ള നിത്യശിക്ഷ എന്നിവയായിരുന്ന പ്രസംഗവിഷയങ്ങൾ (Farmer, 1997; p. 128).

ദാനിയേൽ മുപ്പത്തിമൂന്ന് സംവത്സരങ്ങൾ തൂണിന്മേൽ ചിലവഴിക്കുകയും എൺപത്തിനാലാമത്തെ വയസ്സിൽ നിര്യാതനാകുകയും ചെയ്തു. യൂത്തിക്കിയൻ വേദവിപരീതത്തെ സംരക്ഷിച്ച ബാസിൽക്കസ് ചക്രവർത്തിയെ

ശാസിക്കുന്നതിനായി ഉദ്ദേശം AD 476 ൽ ഒരിക്കൽ മാത്രമെ ദാനിയേൽ തൂണിൽനിന്ന് ഇറങ്ങിയിട്ടുള്ളൂ. ലിയൊ ഒന്നാമൻ, സെനോ എന്നീ ചക്രവർത്തിമാരും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസുമാരും ദാനിയേലുമായി പല അവസരത്തിലും ആലോചനകൾ നടത്തിയിട്ടുണ്ട്. രോഗികൾക്കുവേണ്ടി തൈലം പൂശുന്നതിനും പ്രാർത്ഥിക്കുന്നതിനുമായി ധാരാളം ആളുകൾ ദാനിയേലിന്റെ അടുക്കൽ വന്നു കൂടുമായിരുന്നു (Attwater & John, 1996). തുടർച്ചയായി നിന്നതിനാൽ ദാനിയേലിന്റെ കാലിന്മേൽ ഉണങ്ങാത്ത പുണ്ണുകൾ ഉണ്ടായിരുന്നു. കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായ യൂഫേമിയസ് ദാനിയേലിന് അന്ത്യകൂദാശകൾ നൽകുകയും താമസിയാതെ ദാനിയേൽ ഉദ്ദേശം AD 493 ൽ കാലം ചെയ്യുകയും ചെയ്തു. ദാനിയേലിന്റെ തൂണിനു താഴെയുള്ള ചാപ്പലിൽ ദാനിയേലിനെ കബറടക്കി (Farmer, 1997).

ദാനിയേൽ തന്റെ വിൽപത്രത്തിൽ ഇപ്രകാരം എഴുതി: "വിനയത്തെ മുറുകെ പിടിക്കണം, അനുസരണം ശീലിക്കണം, മറ്റുള്ളവരോടു അനുകമ്പയുള്ളവരായിരിക്കണം, നോമ്പുകൾ ആചരിക്കണം, യാമപ്രാർത്ഥനകൾക്ക് മുടക്കം വരുത്തരുത്, ദാരിദ്ര്യത്തെ ഇഷ്ടപ്പെടണം, എല്ലാറ്റിലും ഉപരിയായി ദാനധർമ്മങ്ങൾ ചെയ്യണം. ഇവ കൂടാതെ വിശുദ്ധിയിൽ ജീവിക്കുന്നതിന് മുന്തിയ പരിഗണന നൽകണം, വേദവിപരീതികളുടെ എല്ലാ ഭിന്നതകളിൽനിന്നും ഒഴിഞ്ഞുമാറണം. ഒരിക്കലും നിന്റെ അമ്മയാകുന്ന സഭയിൽനിന്ന് വേർപിരിയരുത്. ഇവ നിങ്ങൾ ചെയ്യുമെങ്കിൽ നിങ്ങളുടെ നീതി ഉത്തമമായിരിക്കും." (Smith & Wace, 1877, p.786; Farmer, 1997, p. 128). തൂണിന്മേൽ താപസനായിരുന്ന ദാനിയേലിന്റെ ഓർമ്മ ഡിസംബർ 11-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 21. സന്യാസിയായ ഈജിപ്റ്റിലെ വിശുദ്ധ ജോൺ

(AD 304 ? - AD 394)

ലൈക്കോപോലീസിലെ തീബെയ്ദിലാണ് (ആധുനിക അസിയുത്ത് പട്ടണം) ജോൺ ജനിച്ചത്. ഇരുപത്തിയഞ്ച് വയസ്സുവരെ ഒരു മരപണിക്കാരനായിജോലി ചെയ്തു. ഇരുപത്തിയഞ്ചാം വയസ്സിൽ അദ്ദേഹം ലോകത്തെ ഉപേക്ഷിച്ച് ഒരു വൃദ്ധനായ സന്യാസിയുടെ ശിഷ്യനായി. പന്ത്രണ്ടു സംവത്സരങ്ങൾ ആത്മസമർപ്പണത്തിലും അനുസരണയിലും അദ്ദേഹത്തോടുകൂടെ ജീവിച്ചു. അദ്ദേഹത്തിന്റെ കാലശേഷം നാലഞ്ചു വർഷത്തോളം ജോൺ നിരവധി ആശ്രമങ്ങൾ സന്ദർശിക്കുകയും ഒടുവിൽ ലൈക്കോപ്പോലീസിനടുത്തുള്ള ഒരു ചെങ്കുത്തായ മലമുകളിൽ താമസമുറപ്പിക്കുകയും ചെയ്തു.

മലമുകളിൽ ജോൺ മൂന്നു ചെറിയ (ഇടുങ്ങിയ) മുറികളുണ്ടാക്കി - ഒരു കിടപ്പുമുറി, ഒരു പണിമുറി ഒരു പ്രസംഗമുറി. മുറികൾക്ക് ഒരു ചെറിയ ജനൽ മാത്രമെ ഉണ്ടായിരുന്നുള്ളു. അതിലൂടെ ജീവിക്കാനുള്ള അത്യാവശ്യ സാധനങ്ങൾ സ്വീകരിക്കുകയും തന്നെ സന്ദർശിക്കുന്നവരോട് സംസാരിക്കുകയും ചെയ്തു വന്നു. ആഴ്ചയിൽ അഞ്ചു ദിവസവും പ്രാർത്ഥനക്കും ധ്യാനത്തിനുമായി ചെലവഴിച്ചു. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും പുരുഷ സന്ദർശകരെ മാത്രം സ്വീകരിക്കുകയും അവർക്കു വേണ്ട ആത്മീക ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തിരുന്നു.

അസ്തമയംവരെ ജോൺ ഒന്നും ഭക്ഷിച്ചിരുന്നില്ല. ഉണങ്ങിയ പച്ചക്കറികളും പഴങ്ങളും മാത്രമായിരുന്നു ഭക്ഷിച്ചിരുന്നത്. പാചകം ചെയ്തതൊന്നും ഭക്ഷിക്കാതിരുന്നതിനാൽ

ആദ്യമൊക്കെ വളരെ പ്രയാസപ്പെട്ടിരുന്നു. എന്നിരുന്നാലും നാൽപതു വയസ്സു മുതൽ തൊണ്ണൂറു വയസ്സുവരെ മേൽപറഞ്ഞ ഭക്ഷണരീതിയായിരുന്നു അവലംബിച്ചിരുന്നത് (Thurston & Attwater, 1990, Vol. I).

വിശുദ്ധ ജോൺ ഒരു സന്യാസ സമൂഹവും ആരംഭിച്ചില്ലെങ്കിലും ആ പ്രദേശത്തെ എല്ലാ സന്യാസികളുടെയും പിതാവായി ഇദ്ദേഹം പരിഗണിക്കപ്പെട്ടിരുന്നു. പ്രവചനത്തിലും അത്ഭുത പ്രവർത്തനത്തിലും, തന്നെ സന്ദർശിക്കുന്നവരുടെ വിചാരങ്ങൾ വായിച്ചെടുക്കുന്നതിലും അവരുടെ രഹസ്യപാപങ്ങൾ കണ്ടുപിടിക്കുന്നതിലും ജോൺ പ്രസിദ്ധനായിരുന്നു (Thurston & Attwater, 1990, Vol. I; Atwater & John,1996). അദ്ദേഹം വാഴ്ത്തിയ എണ്ണ പലരുടേയും രോഗസൗഖ്യത്തിനും അന്ധത മാറുന്നതിനും ഇടയാക്കി. ഇദ്ദേഹത്തെ തിയോഡോഷ്യസ് ഒന്നാമൻ ചക്രവർത്തി രണ്ടു തവണ സന്ദർശിച്ച് ആലോചന നടത്തി. ഒന്ന് AD 388 ൽ മക്സിമസിനെതിരായ യുദ്ധത്തിലും മറ്റൊന്ന് AD 392 ൽ യൂജിനസിനെതിരായുള്ള യുദ്ധത്തിലുമായിരുന്നു. പലേഡിയസ് എന്ന സന്യാസചരിത്രകാരൻ വിശുദ്ധ ജോണിനെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ യാത്ര സംബന്ധിച്ചും അദ്ദേഹത്തെ വിശുദ്ധ ജോൺ സ്വീകരിച്ചതിനെ സംബന്ധിച്ചും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ ജോൺ തന്റെ അന്ത്യം നേരത്തെ തന്നെ അറിയുകയും മൂന്നു ദിവസത്തേക്ക് ആരും തന്റെ അടുത്ത് വരരുതെന്ന് അവരോട് ആജ്ഞാപിക്കുകയും ചെയ്തു. മൂന്നു ദിവസങ്ങൾക്കു ശേഷം മുട്ടിന്മേൽ പ്രാർത്ഥനാ നിരതനായിരിക്കുമ്പോൾ ഉദ്ദേശം തൊണ്ണൂറാമത്തെവയസ്സിൽ അദ്ദേഹം ശാന്തനായി നിര്യാതനായി. വിശുദ്ധ ജോൺ താമസിച്ചിരുന്ന ഇടുങ്ങിയ മുറി AD 1901 ൽ അസിയൂത്തിൽ കണ്ടുപിടിച്ചു. ഈജിപ്റ്റിലെ വിശുദ്ധ ജോണിന്റെ ഓർമ്മദിനം (ഈജിപ്റ്റിലെ എല്ലാ സന്യാസിമാരുടെയും മരുഭൂമിയിലെയും മലകളിലെയും ഏകാന്തവാസകളുടെയും ഓർമ്മയോടുകൂടെ) ജനുവരി 14–ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 22. ഈജിപ്റ്റിലെ വിശുദ്ധ മറിയം

(AD? - AD 422?)

ഈജിപ്റ്റിൽ ജനിച്ച മേരി അവൾക്ക് പന്ത്രണ്ട് വയസ്സായപ്പോൾ വീട് വിട്ടിറങ്ങി അലക്സന്ത്ര്യയിലേക്ക് പോയി. അലക്സന്ത്ര്യയിൽ പതിനേഴ് വർഷം വേശ്യാവൃത്തിയിൽ ജീവിതം നയിച്ചു (Attwater & John, 1996; Farmer,1997).

തിയഡോഷ്യസ് (ഇളയവന്റെ) ഭരണകാലത്ത് പലസ്തീനിൽ സോസിമോസ് എന്ന ഒരു വിശുദ്ധ സന്യാസിയായ പുരോഹിതൻ ഉണ്ടായിരുന്നു. അദ്ദേഹം നാൽപത്തിമൂന്ന് സംവത്സരമായി ദൈവത്തെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടുതൽ വിശുദ്ധിയിൽ വളരുന്നതിന് സോസിമോസ് പലസ്തീനിലെ ആശ്രമം വിട്ട് ജോർദ്ദാനടുത്തുള്ള മറ്റൊരു ആശ്രമത്തിൽപോയി താമസിക്കുന്നതിന് നിർദ്ദേശമുണ്ടായി. ആ സമൂഹത്തിലെ അംഗങ്ങളെല്ലാം വലിയ നോമ്പിന്റെ ആദ്യ ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്കുശേഷം മരുഭൂമിയിലേക്ക് വിടവാങ്ങുകയും ഊശാന ഞായറാഴ്ച വരെ ഏകാന്തതയിലും അനുതാപത്തിലും കഴിച്ചു കൂട്ടുക പതിവായിരുന്നു. ഉദ്ദേശം എ.ഡി 430 (?) ൽ ഈ നോമ്പിന്റെ അവസരത്തിൽ സോസിമാസ് സന്യാസ ആശ്രമത്തിൽനിന്ന് ഇരുപത് ദിവസത്തെ (വഴി) ദൂരം സഞ്ചരിച്ച് സങ്കീർത്തനങ്ങൾ ഉരുവിടുന്നതിനും വിശ്രമിക്കുന്നതിനുമായി മദ്ധ്യാഹ്ന സമയത്ത് ഒരിടത്തിരുന്നു. പെട്ടെന്ന് സന്യാസിയെപോലെ ഒരു വ്യക്തി ഓടി മാറുന്നതായി ശ്രദ്ധയിൽപെട്ടു. അദ്ദേഹത്തിന്റെ അനുഗ്രഹം വാങ്ങുന്നതിനായി സോസിമോസ് അദ്ദേഹത്തിന്റെ പുറകെ ഓടി. എന്നാൽ ആ മനുഷ്യൻ ആശ്ചര്യപ്പെട്ടുകൊണ്ട് പറഞ്ഞു: "സോസിമോസ് പുരോഹിത, ഞാനൊരു സ്ത്രീയാണ്; നീ എന്റെ അടുത്ത്

വരുന്നതിനു മുമ്പ് എന്റെ ശരീരം മറയ്ക്കുന്നതിന് നിന്റെ പുതപ്പ് ഇങ്ങോട്ട് എറിഞ്ഞു തരൂ'',

മേരി അവളുടെ കഥ സോസിമോസിനെ പറഞ്ഞു കേൾപ്പിച്ചു. അവൾ ഈജിപ്റ്റിൽനിന്നുള്ളവളാണെന്നും മാതാപിതാക്കളുടെ അനുവാദമില്ലാതെ വീടു വിട്ടിറങ്ങി അലക്സന്ത്രിയായിലേക്ക് വന്നതാണെന്നും പറഞ്ഞു(Thurston & Attwater, 1990, Vol. II). ധനസമ്പാദനത്തിനുവേണ്ടിയല്ല, ജഡ മോഹം തൃപ്തിപ്പെടുത്തുന്നതിനു പതിനേഴ് വർഷം അസ ന്മാർഗ്ഗിക ജീവിതം നയിച്ചുവെന്നും അവൾ ഏറ്റുപറഞ്ഞു.

മേരിക്ക് ഉദ്ദേശം ഇരുപത്തിയെട്ടു വയസ്സുള്ളപ്പോൾ (അറിയുവാനുള്ള ആകാംഷകൊണ്ട്) അവൾ സ്ലീബാ പെ രുന്നാൾ ആഘോഷിക്കുന്നതിന് ഊർശ്ലേമിലേക്കു പോകുന്ന തീർത്ഥാടകരോട് ചേർന്ന് നടന്നു. യാത്ര ചെയ്യുമ്പോഴും അവൾ അവളുടെ തെറ്റായ ജീവിത രീതി തുടർന്നു. ദൈവാലയത്തിൽ പ്രവേശിക്കുന്നതിനു ശ്രമിച്ചെങ്കിലും ഒരു അദൃശ്യ ശക്തി അവളെ പുറകോട്ട് വലിക്കുന്നതായി അനു ഭവപ്പെട്ടു. രണ്ടു മൂന്ന് തവണ ശ്രമിച്ചിട്ടും സാധിക്കാതെ വന്നപ്പോൾ മേരി പള്ളിക്ക് പുറത്ത് ഒരു മൂലയിൽ ഇരുന്നു. പെട്ടെന്ന് അവളുടെ പാപാവസ്ഥയെകുറിച്ചുള്ള ചിന്ത അവ ളിൽ ശക്തിയായി വ്യാപരിച്ചു. ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ചിത്രത്തിലേക്ക് ശ്രദ്ധ പതിയുകയും അവൾ നിറകണ്ണുകളോടെ ആ ചിത്രത്തിലേക്ക് കണ്ണുകളു യർത്തുകയും ചെയ്തു. അതിനുശേഷം വിശുദ്ധ സ്ലീബായെ വന്ദിക്കുന്നതിനായി പള്ളിയിലേക്ക് പ്രവേശിക്കുന്നതിനു സാധിക്കുകയും ചെയ്തു. തുടർന്ന് നന്ദി അർപ്പിക്കുന്നതി നായി കന്യക മറിയാമിന്റെ ചിത്രത്തിനടുത്തേക്ക് വരികയും ചെയ്തു. അവിടെ അവൾ ഒരു ശബ്ദം കേട്ടു. ''നീ ജോർദ്ദാ നിലേക്ക് പോകുക, നീ അവിടെ വിശ്രമം കണ്ടെത്തും''.

മേരി ഒരു ബേക്കറിയിൽനിന്ന് കുറച്ച് അപ്പം വാങ്ങി ജോർദ്ദാനിലേക്കുള്ള വഴി അന്വേഷിച്ച് യാത്ര തിരിച്ച് നദീ തീരത്തുള്ള സ്നാപകയോഹന്നാന്റെ പള്ളിയിലെത്തി. അവൾ യോർദ്ദാൻ നദി കടന്ന് വിജനപ്രദേശത്ത് പോയി

നാൽപ്പത്തിയേഴ് വർഷം അവിടെ താമസിച്ചു. അവൾ മനുഷ്യരെ ആരെയും കാണാതെയും ഈത്തപഴവും ഇലകളും ഭക്ഷിച്ച് ജീവിച്ചു. അവൾക്ക് വായിക്കുന്നതിനറിയാമായിരുന്നില്ലെങ്കിലും ദൈവം തന്നെ അവളെ വിശ്വാസത്തിന്റെ രഹസ്യങ്ങൾ പഠിപ്പിച്ചു. അവൾ പറഞ്ഞ കാര്യങ്ങളൊന്നും ആരോടും പറയരുതെന്നും അവൾ സോസിമോസിനോട് അപേക്ഷിച്ചു. അടുത്ത വർഷം പെസഹാ വ്യാഴാഴ്ച വിശുദ്ധ കുർബ്ബാന കൊടുക്കുന്നതിനായി ജോർദ്ദാനിൽവച്ച് വീണ്ടും കാണാമെന്നു സമ്മതിച്ച് സോസിമോസ് അവളെ യാത്രയാക്കി. അടുത്തവർഷം പെസഹാ വ്യാഴാഴ്ച മുൻനിശ്ചയിച്ച സ്ഥലത്തുവച്ച് സോസിമോസിൽനിന്ന് മേരി വിശുദ്ധ കുർബ്ബാന സ്വീകരിക്കുകയും സോസിമോസ് കൊടുത്ത മൂന്ന് പരിപ്പുകൾ ഭക്ഷിക്കുകയും ചെയ്തു. അവൾ നദിയിൽകൂടിനടന്ന് മടങ്ങിപോകുകയും ചെയ്തു. രണ്ടാമതും മുൻനിശ്ചയിച്ചതുപോലെ മരുഭൂമിയിൽ ചെന്നപ്പോൾ മേരി മരിച്ചതായി കണ്ടെത്തി. മൃതശരീരത്തിനരികെ നിന്നിരുന്ന ഒരു സിംഹത്തിന്റെ സഹായത്തോടെ സോസിമോസ് മേരിയെ കബറടക്കി.

ഈജിപ്റ്റിലെ മേരിയെ (മരുഭൂമിയിലേക്ക് പോയപ്പോൾ കൊണ്ടുപോയ) മൂന്ന് അപ്പം കയ്യിൽ പിടിച്ചിരിക്കുന്നതായിട്ടാണ് ചിത്രീകരിക്കുന്നത്. ഈജിപ്റ്റിലെ വിശുദ്ധ മേരിയുടെ ഓർമ്മ ഏപ്രിൽ 1-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 23. അന്ത്യോഖ്യാ പാത്രിയർക്കീസായ തിയൊഡോറ്റസ്

(AD ? - AD 428)

29-ാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ തിയൊഡോറ്റസ് അലക്സാണ്ടർ പാത്രിയർക്കീസിന്റെ പിൻഗാമിയായി AD 417 ൽ സ്ഥാനാരോഹണം ചെയ്തു. സമകാലീനർ തിയൊഡോറ്റസ് പാത്രിയർക്കീസിനെ 'ആത്മനിയന്ത്രണത്തിന്റെ രത്നം' എന്നും 'ദൈവിക മർമ്മങ്ങളാൽ അലംകൃതൻ' എന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത് (Wace, 1911). തിയൊഡോറ്റസ് സഭാ വിശ്വാസത്തിന്റെ സംരക്ഷകനും ആ കാലത്ത് പ്രചരിച്ചിരുന്ന മൂന്നു വേദവിപരീതങ്ങളെ ശക്തിയുക്തം എതിർക്കുകയും ചെയ്തു. ആ കാലത്ത് പ്രചരിച്ചിരുന്ന മൂന്ന് വേദവിപരീതങ്ങളായിരുന്ന പെലാജിയനിസം, അപ്പോളിനാറിയനിസം, മെസാലിയനിസം എന്നിവ.

AD 418 ൽ തെയോഡോറ്റസ് പാത്രിയർക്കീസ് ഒരു കൗൺസിൽ വിളിച്ചു കൂട്ടുകയും പെലാജിയനിസത്തെ നിരാകരിക്കുകയും പെലാജിയസിനെ സഭയ്ക്ക് ഇതരനാക്കുകയും ചെയ്തു. പെലാജിയസ് ബ്രിട്ടനിൽ നിന്നുള്ള ഒരു സന്യാസിയായിരുന്നു. AD 380 കളിൽ പെലാജിയസ് റോമിലേക്ക് പോയശേഷം അദ്ദേഹത്തിന്റെ ദൈവശാസ്ത്ര ചിന്തയ്ക്ക് പ്രാധാന്യം ലഭിക്കുകയുണ്ടായി. പെലാജിയസിന്റെ ദൈവശാസ്ത്ര തർക്കം 'മനുഷ്യസ്വഭാവവും ആദ്യപാപവും' സംബന്ധിച്ചുള്ളതായിരുന്നു. പെലാജിയസിന്റെ കാഴ്ചപ്പാടിൽ (വിശ്വാസം) ആദാമിന്റെയും ഹൗവ്വായുടെയും പാപവും അനന്തരഫലവും അവരിൽ മാത്രം ഒതുങ്ങി നിൽക്കുന്നുവെന്നും ആദാമിന്റെ മക്കളിലൊ അങ്ങിനെ മനുഷ്യവർഗ്ഗത്തിലൊ എത്തിചേരുന്നില്ല എന്നുമാണ് (cf. 1 കൊരി. 15:22).

തിയൊഡോറ്റസ് പാത്രിയർക്കീസ് വളരെ വിനയാന്വിതനും വൈദികരോടെല്ലാം വളരെ ദയവുള്ളവനുമായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹസമ്പന്നമായ സമീപനംവഴിയായി അപ്പോളിനാറിയസത്തെ അനുകൂലിച്ചവരെ സഭയിലേക്ക് മടക്കികൊണ്ടു വരുന്നതിന് സാധിച്ചു. സിറിയയിൽ ലവൊദീസിയയിലെ മെത്രാപ്പോലീത്തയായിരുന്ന അപ്പോളിനാറിസ് (c. AD 361) ഒരു വേദവിപരീതം പ്രചരിപ്പിച്ചു. ആ വേദവിപരീത ചിന്തയിൽ 'യേശു മനുഷ്യനായിരുന്നു. എന്നാൽ ക്രിസ്തുവിന് മനുഷ്യ മനുഷ്യമനസ്സായിരുന്നില്ല പിന്നെയൊ മുഴുവനും ദൈവിക മനസ്സായിരുന്നു.' മാത്രമല്ല, ഒരു വ്യക്തിയിൽ ക്രിസ്തുവിന്റെ രണ്ടുസ്വഭാവങ്ങൾ ഒരേ സമയം സ്ഥിതി ചെയ്യുന്നതിന് കഴിയുകയില്ല എന്നും അപ്പോളിനാറിസ് പഠിപ്പിച്ചു. AD 381 ൽ കുസ്തന്തീനോസ്പോലീസിൽ കൂടിയ രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസ് അപ്പോളിനാറിസത്തെ ശപിച്ചു തള്ളുകയും ചെയ്തു. സുറിയാനി സഭാ വിശ്വാസമനുസരിച്ച് യേശുക്രിസ്തു പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ് (cf. യോഹന്നാൻ 8:58, 10:30, 1:14).

AD 426 ൽ കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസായ സിസിനിയസിന്റെ വാഴ്ചയിൽ തിയൊഡോറ്റസ് പാത്രിയർക്കീസ് പങ്കെടുത്തിരുന്നു. അന്ന് ഒരുമിച്ചു കൂടിയ മെത്രാപ്പോലീത്തന്മാരെല്ലാവരും ചേർന്ന് മെസ്സാലിയൻ വേദവിപരീതത്തിനെതിരായി പംഫില്ല്യയിലെ മെത്രാപ്പോലീത്തന്മാർക്ക് ഒരു സംയുക്ത കൽപന അയച്ചു. മെസ്സാലിയനിസം എന്നറിയപ്പെടുന്ന വേദവിപരീതം ഉദ്ദേശം AD 360 ൽ സിറിയയിലും ഏഷ്യയിലുമെല്ലാം വ്യാപിച്ചിരുന്നു. മെസ്സാലിയനുകൾ മാമോദീസ ഉൾപ്പടെയുള്ള കൂദാശകൾ വഴിയായി ലഭിക്കുന്ന ദൈവകൃപയെ നിഷേധിക്കുന്നവരായിരുന്നു. നിരന്തരമായ പ്രാർത്ഥന വഴിയായി ലഭിക്കുന്ന ആത്മീകശക്തി പരിശുദ്ധാത്മ സ്വീകരണത്തിലേക്ക് നയിക്കുന്നുവെന്നവർ പ്രഖ്യാപിച്ചു. ചുരുക്കി പറഞ്ഞാൽ മെസ്സാലിയനുകൾ സഭയുടെ കൂദാശപരമായ ജീവിതത്തെ നിരാകരിക്കുന്നവരായിരുന്നു. ഈ കൂട്ടരെ AD 431 ൽ എഫേസൂസിൽ കൂടിയ മൂന്നാമത്തെ സാർവ്വത്രിക സുന്നഹദോസിൽ ശപിച്ചു തള്ളുകയുണ്ടായി.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിലെ പാത്രിയർക്കീസായ തിയൊഡോറ്റസ് പതിനൊന്ന് സംവത്സരം പാത്രിയർക്കീസെന്ന നിലയിൽ സഭാ ഭരണംനിർവ്വഹിച്ച് AD 428 ജൂൺ 3–ാം തീയ്യതി കാലം ചെയ്തു. തിയൊഡോറ്റസ് പാത്രിയർക്കീസിന്റെ ഓർമ്മ സുറിയാനി സഭ ജൂൺ 3–ാം തീയ്യതി ആഘോഷിക്കുന്നു.

# 24. കർത്ത്മീൻ ദയറായിലെ വിശുദ്ധ ശെമവൂൻ

(AD ? - AD 433?)

ടർക്കിയിലെ മർദ്ദീനിനടുത്തുള്ള സൗറൊ എന്ന പട്ടണത്തിനു സമീപമുള്ള എശ്റ്റിൻ എന്ന ഗ്രാമത്തിലാണ് യൂഹാനോന്റെ മകനായി ശെമവൂൻ ജനിച്ചത്. ദീർഘകാലമായി മക്കളില്ലാതിരുന്ന യൂഹാനോൻ ഗ്രാമത്തിലുള്ള ദരിദ്രന്മാർക്ക് ധാരാളമായി സഹായം ചെയ്തു കൊടുത്തിരുന്നു. ശെമവൂന്റെ ഭാവിയെകുറിച്ച് ദൈവത്തിന്റെ മാലാഖ ഇപ്രകാരം പറഞ്ഞു: "ഈ ശിശു മഹാനാകും, കർത്താവിന്റെ നാമം മഹത്വീകരിക്കപ്പെടും."

ശെമവൂൻ ദൈവഭയത്തിൽ വളരുകയും ഗ്രാമത്തിലെ വിദ്യാലയത്തിൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. കൗമാരപ്രായത്തിൽ എത്തിയപ്പോൾ ശെമവൂൻ സന്യാസ ജീവിതം ഇഷ്ടപ്പെടുകയും ഒരു ആശ്രമം പണിത് മറ്റ് എട്ട് സഹോദരന്മാരോടുകൂടി താമസിക്കുകയും ചെയ്തു. ശെമവൂന് ഒരു സഹോദരൻ (ഷോമീർ) ജനിക്കുകയും ശെമവൂന്റെ ദയറായിലെ പണികളിൽ സഹായിക്കുകയും ചെയ്തു.

ശെമവൂൻ എശ്സ്റ്റിൻ ഗ്രാമത്തിലെ ആശ്രമം വിട്ട് നിസിബിനിയിലെ മലയിലേക്കു പോകുകയും ഏതാണ്ട് മുപ്പതു പേർ പിന്നീട് ശെമവൂനോടുകൂടെ ചേരുകയും ചെയ്തു. ഷാപ്പോർ രണ്ടാമന്റെ പടയാളികൾ ഡയർബക്കർ, ദാര, ഉറഹ, ഹാരാൻ എന്നീ പ്രദേശങ്ങൾ പിടിച്ചടക്കുകയും അവിടെയുള്ളവരെ അഗ്നിക്കിരയാക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ സൗറൊ പട്ടണത്തിലെ മെത്രാപ്പോലീത്ത മോർ കാർപ്പോസ് ശെമവൂനെ സന്ദർശിക്കാനായി വരികയും

ശെമവൂനെ വൈദീകനായി പട്ടം കൊടുക്കുകയും ചെയ്തു. ഏതാനും പടയാളികൾ നിസിബിനിലെ ദയറാ അഗ്നിക്കിര യാക്കുകയും മോർ കാർപ്പോസിനെ ബന്ധിക്കുകയും പിന്നീട് ശിരച്ഛേദനം ചെയ്യുകയും ചെയ്തു. ശെമവൂൻ മോർ കാർപ്പോസിന്റെ ഭൗതിക ശരീരം വലിയ ആദരവോടെ ദയറാ യിൽ കബറടക്കി.

ശെമവൂൻ നിസിബിസ് വിട്ട് കർത്ത്മിൻ ഗ്രാമത്തിൽ വന്ന് താമസിച്ചു. കർത്ത്മീനിലെ സലീബ എന്ന പ്രമുഖനായ ഒരാളുടെ നാലു വയസ്സുള്ള മകൻ രോഗബാധിതനായിരുന്നു. സലീബ മകനെ ശെമവൂന്റെ അടുക്കൽ കൊണ്ടുവരികയും അദ്ദേഹം പ്രാർത്ഥിച്ചതു വഴിയായി സൗഖ്യം പ്രാപിക്കുകയും ചെയ്തു.

ശെമവൂന്റെ ശിഷ്യർ വെള്ളം കോരുവാനായി പോയ പ്പോൾ ഏതാനും പെൺകുട്ടികൾ കിണറ്റിൻകരയിൽ തുണി കൾ കഴുകികൊണ്ടിരുന്നു. ശിഷ്യന്റെ മനസ്സിൽ ചില ദുഷ്ടവിചാരങ്ങൾ ഉണ്ടാകുകയും വെള്ളം കോരാതെ മടങ്ങി പോരുകയും ചെയ്തു. ഈ വിവരം ശിഷ്യൻ ശെമവൂനെ അറിയിച്ചപ്പോൾ "നമുക്ക് ഈ സ്ഥലം വിട്ടു പോകാം ഇവിടെ സാത്താൻ ഒരു കെണി ഒരുക്കിയിട്ടുണ്ട്" എന്നു പറയുകയും പ്രഭാത പ്രാർത്ഥന കഴിഞ്ഞ് ദൈവം നമുക്ക് താമസിക്കേണ്ടതിന് ഒരു സ്ഥലം ഒരുക്കും എന്ന് പറഞ്ഞ് അവിടെനിന്നും യാത്രയാവുകയും ചെയ്തു. അപ്ര കാരം ഒരു മാലാഖ അവർക്ക് ഒരു ആശ്രമം പണിയുന്നതി നുള്ള സ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്തു.

AD 407 ൽ അർക്കേഡിയസ് രാജാവിന്റെ മകളായ തിയോഡോറയെ ബാധിച്ചിരുന്ന പിശാചിനെ മോർ ശെമ വൂൻ പുറത്താക്കി. ഈ സൗഖ്യത്തിനുള്ള നന്ദി സൂചകമായി തിയഡോറ ദയറായ്ക്ക് ഒരു അലങ്കാരഗോപുരം പണിതു കൊടുത്തു. അർക്കേഡിയസ് രാജാവ് പലവിധ സഹായങ്ങൾ ദയറായ്ക്ക് ചെയ്തുകൊടുത്തു. രാജാവിന്റെ വാഴ്ചയുടെ ആദ്യവർഷം സ്വർണ്ണവുമായി ഭൃത്യന്മാരെ ദയറായിലേക്ക് അയച്ചു. അതു കൂടാതെ ദൈവമാതാവിന്റെ നാമത്തിൽ ഒരു

പള്ളിയും സെബസ്തയിലെ നാൽപതു സഹദേന്മാരുടെ നാമത്തിൽ മറ്റൊരു പള്ളിയും മറ്റു കെട്ടിടങ്ങളും ദയറായ്ക്കു വേണ്ടി പണി കഴിപ്പിച്ചു. മോർ ശെമവൂൻ ജീവിച്ചിരുന്നപ്പോൾ നാനൂറോളം ദയറാക്കാർ ഈ ദയറായിൽ താമസിച്ചിരുന്നു.

മോർ ശെമവൂൻ കാലം ചെയ്യുന്നതിനു മുൻപ് ദയറായുടെ ചുമതലകൾ ശിഷ്യനായ ശിമയോനെ ഏൽപിച്ചു. കാലം ചെയ്ത വർഷത്തെ സംബന്ധിച്ചു. വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ചരിത്ര രേഖകളിൽ AD 433, AD 409, AD 444 എന്നിവ കാലം ചെയ്ത വർഷമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഇസ്താംബൂൾ ഭദ്രാസന കലണ്ടറിൽ ചേർത്തിരിക്കുന്ന AD 433 കൂടതൽ യുക്തിഭദ്രമെന്ന് കരുതാം. കർത്ത്മീനിലെ ദയറായിൽ കബറടങ്ങിയ മോർ ശെമവൂന്റെ ഓർമ്മ സുറിയാനി സഭ ജനുവരി 18-ാം തീയ്യതി ആചരിക്കുന്നു.

**കുറിപ്പ്:** ഈ ചരിത്ര സംഗ്രഹം ബഹുമാനപ്പെട്ട ഡെയിൽ ജോൺസൺ അച്ചൻ സുറിയാനിയിൽ നിന്ന് വിവർത്തനം ചെയ്തിട്ടുള്ളതിൽ നിന്നെടുത്തിട്ടുള്ളതാണ്.

# 25. വിശുദ്ധ മക്സിമസ്

(c. AD 580? - AD 662)

സത്യവിശ്വാസത്തിനുവേണ്ടിയുള്ള കഷ്ടപ്പാടുകളും അദ്ധ്വാനങ്ങളും പരിഗണിച്ച് മക്സിമോസ് വിശ്വാസം ഏറ്റു പറഞ്ഞവൻ (Confessor) എന്നറിയപ്പെടുന്നു. മക്സിമസ് ഉദ്ദേശം AD 580 ൽ കുസ്തന്തീനോപോലീസിൽ ജനിച്ചു. (Attwter & John, 1996). മക്സിമസ് വളർന്നപ്പോൾ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പ്രശോഭിച്ച് ഹെരാക്ലിയസ് ചക്രവർത്തിയുടെ ഒന്നാം സെക്രട്ടറിയാകുകയും ചെയ്തു (Farmer, 1997). വേദവിപരീത പഠിപ്പിക്കലുകളെ ചക്രവർത്തി പിന്തുണച്ചതിനാൽ ഉദ്ദേശം AD 616 ൽ മക്സിമസ് തന്റെ ജോലിയിൽനിന്ന് രാജിവക്കുകയും ക്രിസോപോലീസിൽ ഒരു സന്യാസിയാകുകയും, പിന്നീട് ആശ്രമത്തിന്റെ അധിപനാകുകയും ചെയ്തു. AD 626 ൽ പേർഷ്യൻ അധിനിവേശത്തിന്റെ കാലഘട്ടത്തിൽ മക്സിമസ് അലക്സന്ത്രിയയിൽ അഭയം തേടി.

AD 638 ൽ ഊർശ്ലേം പാത്രിയർക്കീസായിരുന്ന സൊഫ്രോണിയസ് കാലം ചെയ്തപ്പോൾ മക്സിമസ് പിൻഗാമിയാകുകയും ചെയ്തു. AD 653 ൽ സത്യവിശ്വാസ സംരക്ഷകനായ മക്സിമസിനെ റോമിൽ വച്ച് പിടികൂടുകയും സാമ്രാജ്യത്തിനെതിരായി ഗൂഢാലോചന ചെയ്തുവെന്ന കുറ്റത്തിന് വിചാരണക്കായി കുസ്തന്തീനോസ്പോലീസിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഒരു സന്ദർഭത്തിൽ മക്സിമസ് ഇപ്രകാരം സാക്ഷ്യപ്പെടുത്തി: “സത്യവിശ്വാസത്തിൽനിന്ന് അണുവിട വ്യതിചലിക്കുന്നതിനേക്കാൾ എന്റെ ജീവൻ നഷ്ടപ്പെടുത്താൻ ഞാൻ സന്നദ്ധനാണ്.” മക്സിമസിന്റെ എഴുപത്തഞ്ചാം വയസ്സിൽ അദ്ദേഹത്തെ ത്രാസിലെ ബിസിയയിലേക്ക് നാടുകടത്തി. അവിടത്തെ കൊടും തണുപ്പിലും വിശപ്പിലും

അവഗണനയിലും മക്സിമസ് വളരെ കഷ്ടത അനുഭവിച്ചു. കുറച്ചുമാസങ്ങൾക്കുശേഷം (ബിഥിനിയയിലെ) കൈസര്യ യിലെ തിയൊഡോഷ്യസ് മെത്രാപ്പോലീത്ത മക്സിമസിനെ വന്നു കാണുകയുണ്ടായി.

വേദവിപരീതം സ്വീകരിച്ചാൽ കുറെ ബഹുമതികൾ നൽകാമെന്ന് മക്സിമസിനോട് പറയുകയും അദ്ദേഹത്തെ റെഗിയത്തിലെ ഒരു ആശ്രമത്തിലേക്ക് കൊണ്ടുപോകു കയും ചെയ്തു. മക്സിമസ് തന്റെ നിലപാടിൽ ഉറച്ചുനിന്ന തിനാൽ അദ്ദേഹത്തിന്റെ സ്വത്തുക്കൾ അപഹരിക്കുകയും അദ്ദേഹത്തെ പെർബറിസിലേക്കു കൊണ്ടുപോകുകയും ചെ യ്തു. മക്സിമസ് കഠിന പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും ആറ് സംവത്സരം കഴിച്ചുകൂടി. മക്സിമസിനേയും മറ്റു രണ്ടു കൂട്ടുകാരേയും കുസ്തന്തിനോസ്പോലീസിലേക്ക് തിരികെ കൊണ്ടുവരികയും ഒരു ട്രിബ്യൂണലിനു മുന്നിൽ ഹാജരാക്കുകയും ചെയ്തു. അവരെ കഠിന ദണ്ഡനങ്ങൾക്കു വിധേയരാക്കുകയും അവർ സംസാരിക്കുകയോ എഴുതുക യോ ചെയ്യാതിരിക്കുന്നതിന് അവരുടെ നാവും വലതുകരവും ഛേദിക്കുകയും ചെയ്തു (Cayre, 1936, p. 308). എന്നിരുന്നാലും അവരുടെ പീഢയാൽ അവർ അവരുടെ വിശ്വാസം ഏറ്റു പറഞ്ഞു. മക്സിമസിന്റെ ഏറ്റവും സുന്ദരവും ആഴമേറിയ തുമായ രചനയാണ് – *'Four Centuries of Charity.'* മക്സിമസി ന്റെ ഓർമ്മ ജനുവരി 21-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 26. സെദറകളുടെ യൂഹാനോൻ എന്നറിയപ്പെടുന്ന ജോൺ രണ്ടാമൻ പാത്രിയർക്കീസ്

(AD ? - AD 648)

സെദറാകളുടെ യൂഹാനോൻ എന്നറിയപ്പെടുന്ന മോറാൻ ജോൺ രണ്ടാമൻ അന്ത്യോഖ്യാ സിംഹാസനത്തിലെ 43-ാമത്തെ പാത്രിയർക്കീസായിരുന്നു. ദീർഘവീക്ഷണമുള്ളവനും ഉത്തമനും ഊർജ്ജസ്വലനുമായ ഒരു പിതാവായിരുന്നു മോറാൻ ജോൺ രണ്ടാമൻ (Aphrem I, 2000). അന്ത്യോഖ്യായിലും ബെറോയിയയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്ന യുസെബുന്ന ദയറായിൽ ചേർന്ന് ദയറാജീവിതം ആരംഭിച്ച ജോൺ ദൈവശാസ്ത്രം, ഗ്രീക്ക്, സുറിയാനി എന്നീ ഭാഷകൾ പഠിച്ചു.

അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ അത്താനാസിയോസ് ഒന്നാമൻ ഗമോലൊ (AD 595 - 631) പാത്രിയർക്കീസ് ബാവായുടെ ശിഷ്യനും സെക്രട്ടറിയുമായിരുന്ന യൂഹാനോൻ AD 631 ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി സ്ഥാനാരോഹണം ചെയ്തു. അൽ ജസീറാ അറബികൾ കീഴടക്കിയപ്പോൾ മോറാൻ യൂഹാനോൻ അതിനു സാക്ഷിയാകേണ്ടി വന്നു. ആ കാലഘട്ടത്തിലെ പ്രയാസങ്ങളും പ്രതിസന്ധികളും സമചിത്തതയോടും ക്ഷമയോടും കൂടി അഭിമുഖീകരിച്ച പിതാവാണ് മോറാൻ യൂഹാനോൻ (http://www.soc-wus.org/ourchurch/St.%20John%20of%20Sedre.htm).

മോറാൻ യൂഹാനോൻ രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ താൽപര്യമനുസരിച്ച് ഉദ്ദേശം AD 643 ൽ സുവിശേഷങ്ങൾ സുറിയാനിയിൽനിന്ന് അറബി ഭാഷയിലേക്ക് ഭാഷാന്തരം ചെയ്യുകയുണ്ടായി. മോറാൻ യൂഹാനോൻ

മുസ്ലീമുകളുടെ അമീറുമായി ക്രിസ്തീയ സത്യങ്ങളെ സംബ ന്ധിച്ച് സംവാദത്തിലേർപ്പെടുകയും അത് അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന സേവേറിയോസ് രേഖപ്പെടുത്തി പ്രസി ദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രേഖ നാവു (Nau, 1915) ഫ്രഞ്ചു ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്.

മോറാൻ യൂഹാനോൻ ധാരാളം സെദറകൾ രചിച്ചിട്ടുണ്ട്. അതുകൊണ്ടാണ് മോറാൻ യൂഹാനോൻ രണ്ടാമൻ പാത്രി യർക്കീസ് സെദറകളുടെ യൂഹാനോൻ (John of Sedre) എന്നറിയപ്പെടുന്നത്. അദ്ദേഹം എഴുതിയ സെദറാകളുടെ കോപ്പികൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവ യിൽ പ്രധാനപ്പെട്ടവയാണ് നോമ്പ്, ഉയർപ്പ്, പാപികളുടെ അനുതാപം, യാമ പ്രാർത്ഥനകൾ പരേതർക്കുവേണ്ടിയുള്ളവ. ഇവ കൂടാതെ വിശുദ്ധ കുർബ്ബാനയിൽ ഉപയോഗിക്കുന്ന "സ്വന്തശരീരത്തിനു താൻ തന്നെ പുരോഹിതനായി തീർന്ന നിർമ്മല ബലിയും", "സ്വർഗ്ഗീയ സൈന്യകളുടെ നാഥനായ," "നല്ലവനും യഥാർത്ഥ ഇടയനുമായ കർത്താവേ" എന്നീ സെദറാകളും ഇദ്ദേഹം രചിച്ചിട്ടുള്ളതാണ്. "സ്നേഹത്തിൽ പ്രീതിപ്പെടുന്ന കർത്താവെ" എന്നാരംഭിക്കുന്ന ഒരു വിശുദ്ധ കുർബ്ബാന ക്രമവും ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. "കർത്താവിൽ സ്നേഹിക്കപ്പെട്ടവരെ, ഈ വിശുദ്ധ വിരുന്നിൽ അല്പം തത്വശാസ്ത്രപരമായി നമുക്കു സംസാരിക്കാം" എന്ന തുടങ്ങുന്ന വിശുദ്ധ മൂറോൻ കൂദാശയ്ക്ക് ഉപയോഗിക്കുന്ന ഒരു പ്രസംഗവും, പാത്രിയർക്കസായി സ്ഥാനാരോഹണം ചെയ്തശേഷം തിക്രിറ്റിലെ മഫ്രിയാൻ മാറൂഥയ്ക്ക് എഴു തിയ കത്തും (AD 628 - 649), (സഭയ്ക്ക് പൊതുവായി) തിയോഡോൺസ് കോറെപ്പിസ്കോപ്പായ്ക്ക് എഴുതിയ സഭയുടെ വിശ്വാസപ്രമാണങ്ങളടങ്ങുന്ന മുപ്പത്തി ഒമ്പത് പേ ജുള്ള കൽപനയും, ഫന്റാസിയസ്റ്റ് (Phantasiasts who believed that Christ's body was only a phantasm, not a material substance) വേദവിപരീതത്തേയും അവരുടെ ഉപജ്ഞാതാക്കളേയും നിരസിച്ചുകൊണ്ടുള്ള പ്രബന്ധവും വളരെ പ്രസിദ്ധമാണ്.

പതിനേഴ് സംവത്സരങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ യൂഹാനോൻ രണ്ടാമൻ AD 648 ഡിസംബർ 14-ാം തീയ്യതി കാലം ചെയ്ത് ആമീദിലെ (തുർക്കി) ദൈവാലയത്തിൽ കബറടക്കി. ഇദ്ദേഹത്തിന്റെ ഓർമ്മ ഡിസംബർ 14-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 27. കെന്നശ്രീനിലെ മെത്രാപ്പോലീത്ത മോർ സേവേറിയോസ് സബുക്ക്

(AD 575 - AD 667)

തത്വശാസ്ത്രജ്ഞനായ കെന്നശ്രീനിലെ മെത്രാപ്പോലീത്ത മോർ സേവേറിയോസ് സബുക്ക് നിസിബിസിൽ ജനിച്ചു. ഇദ്ദേഹം കെന്നശ്രീൻ ദയറായിൽ (അന്ത്യോഖ്യയ്ക്കു കിഴക്കും, ആലപ്പൊയ്ക്കു തെക്കു പടിഞ്ഞാറുമായി സ്ഥിതി ചെയ്യുന്ന പട്ടണമാണ് കെന്നശ്രീൻ) വിദ്യാഭ്യാസം പൂർത്തിയാക്കുകയും ദയറാക്കാരനാകുകയും ചെയ്തു. ഗ്രീക്കു ഭാഷാ പഠനത്തിൽ മുൻപന്തിയിലായിരുന്ന കെന്നശ്രീൻ ദയറാ 'കഴുകന്റെ കൂട്' (Eagle's nest) എന്നും അറിയപ്പെട്ടിരുന്നു.

കെന്നശ്രീൻ ദയറായിൽ സുറിയാനി, ഗ്രീക്കു ഭാഷകൾക്ക് പുറമെ പേർഷ്യൻ ഭാഷയും മോർ സേവേറിയോസ് പഠിച്ചിരുന്നു. പിന്നീട് ദയറായിൽ അദ്ധ്യാപകനായി തുടരുകയും സുറിയാനി പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും, തത്വശാസ്ത്രം, ദൈവശാസ്ത്രം, ഗണിതം എന്നിവ പഠിപ്പിക്കുകയും ചെയ്തു. വാനശാസ്ത്രത്തിൽ ഗ്രീക്കുകാരെപ്പോലും അതിശയിപ്പിക്കുന്ന വ്യുൽപത്തി മോർ സേവേറിയോസിനുണ്ടായിരുന്നു.

മോർ സേവേറിയോസിനു ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. അവരിൽ കീർത്തി കേട്ടവരാണ് അന്ത്യോഖ്യാ പാത്രിയർക്കീസായ അത്താനാസിയോസ് രണ്ടാമൻ (d. AD 686) എഡേസ്സായിലെ മോർ യാക്കോബ് (d. AD 708). AD 638 ൽ കെന്നശ്രീനിലെ (കെന്നശ്രീൻ ദയറായിലെ?) മെത്രാപ്പോലീത്തയായി സേവേറിയോസ് വാഴിക്കപ്പെട്ടു. മോർ സേവേറിയോസ് സബൂക്ക് 'ഗണിത ശാസ്ത്രജ്ഞനായ സേവേറിയോസ്' എന്നും അറിയപ്പെട്ടിരുന്നു.

മോർ സേവേറിയോസ് സബൂക്കിന്റെ എഴുത്തുകൾ തത്വശാസ്ത്രം, ഗണിതശാസ്ത്രം, ദൈവശാസ്ത്രം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഗഹനങ്ങളായ വിശകലനങ്ങളാണ്. ആ കാലഘട്ടത്തിൽ ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവരിൽ പ്രമുഖനായിരുന്നു മോർ സേവേറിയോസ്. അദ്ദേഹത്തിന്റെ പ്രതിപാദനങ്ങൾ പലരും ക്രോഡീകരിച്ചിട്ടുണ്ട് (http://www.syriacstudies.com/2015/0?9/10/severus-sabukht-d-667/; http://roger-pearse.com/wiki/index.php?title=Severus_Sebokht).

മോർ സേവേറിയോസ് സബൂക്ക് ഏറെ പ്രായം ചെന്ന് AD 667 ജൂലൈ 20-ാം തീയ്യതി കാലം ചെയ്തു. ഇദ്ദേഹത്തിന്റെ ഓർമ്മ ജൂലൈ 20-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 28. നിനുവയിലെ ഇസഹാക്ക്

(c. AD 613 - c. AD 700)

സിറിയയിൽ ജനിച്ച ഇസഹാക്ക് ഒരു സന്യാസിയും പിന്നീട് മെത്രാപ്പോലീത്തയുമായിരുന്നു. ചെറിയ പ്രായത്തിൽ തന്നെ ഇസഹാക്ക് തന്റെ സഹോദരനോടുകൂടെ നിനുവയിലെ വിശുദ്ധ മത്തായിയുടെ ദയറായിൽ ചേർന്നു. ഇസഹാക്കിന്റെ പാണ്ഡിത്യവും സ്വഭാവ മഹിമയും, ജീവിത രീതികളും ജോർജ്ജ് കാതോലിക്കയുടെ (AD 659 - 680) ശ്രദ്ധയിൽപെടുകയും സന്യാസിയായ ഇസഹാക്കിനെ നിനുവയുടെ മെത്രാപ്പോലീത്തയായി വാഴിക്കുകയും ചെയ്തു (Wace, 1911). എന്നാൽ പട്ടണത്തിലെ ആളുകളുടെ അനുസരണക്കേടും ചൊവ്വല്ലാത്ത രീതികളും മൂലം ഇസഹാക്ക് മെത്രാപ്പോലീത്ത തന്റെ സ്ഥാനം രാജിവച്ചു. അവരെ നയിക്കുക എന്നത് തന്റെ കഴിവിനുമപ്പുറമാണെന്ന് ഇസഹാക്ക് മെത്രാപ്പോലീത്താ കരുതി. മാത്രവുമല്ല, ഇസഹാക്ക് മെത്രാപ്പോലീത്ത ഏകാന്ത വാസം ആഗ്രഹിക്കുകയും ചെയ്തിരുന്നു.

മേൽപറഞ്ഞ കാര്യവുമായി ബന്ധപ്പെട്ട് ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട് (http://www.roca.org/OA/137/137d.htm; http://saintsresource.com/isaac-the-syrian/). ഒരിക്കൽ രണ്ടു ക്രിസ്ത്യാനികൾ വന്ന് അവരുടെ തർക്കത്തിൽ ഇടപെടണമെന്ന് ഇസഹാക്ക് മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടു. അതിലൊരാൾ കൂടെ വന്നയാളോട് കുറച്ച് പണം കടപ്പെട്ടിരുന്നു. എന്നാൽ അത് തിരികെ കൊടുക്കുന്നതിന് അൽപം സാവകാശം തരണമെന്നാവശ്യപ്പെട്ടു. എന്നാൽ കടം കൊടുത്തയാൾക്ക് അത് സമ്മതമല്ലായിരുന്നു. അതിനാൽ കടക്കാരനെ കോടതി കയറ്റി പണം വാങ്ങുന്നതിനയാൾ തീരുമാനിച്ചു. ഈ തർക്കം പരിഹരിക്കുന്നതിന് ഇസഹാക്ക് മെത്രാപ്പോലീത്ത

സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: ''കടക്കാരനോട് ദയവു കാണിക്കൂ. കുറച്ചുകൂടി സമയം കടം വീട്ടുന്നതിന് അനുവദിക്കൂ''. അതിനു മറുപടിയായി കടും കൊടുത്ത മനുഷ്യൻ പറഞ്ഞു: ''ഈ വിഷയത്തിൽ സുവിശേഷമൊന്നും കൊണ്ടുവരേണ്ട''. മെത്രാപ്പോലീത്ത മറുപടിയായി പറഞ്ഞു: ''നീ സുവിശേഷത്തിലെ കർത്താവിന്റെ കൽപനകൾക്ക് നിന്നെ തന്നെ കീഴ്പ്പെടുത്തുന്നില്ലെങ്കിൽ എനിക്കിവിടെ ചെയ്യുന്നതിനായി എന്താണ് അവശേഷിക്കുന്നത്?'' ഈ സംഭവമാണ് ഇസഹാക്ക് മെത്രാപ്പോലീത്ത അഞ്ചുമാസത്തെ ചുരുങ്ങിയ സമയത്തിനകം രാജിവച്ച് സ്കീറ്റിലെ മരുഭൂമിയിൽ ഏകാന്തവാസത്തിനായി പോകുവാനിടയാക്കിയത്.

ഇസഹാക് മെത്രാപ്പോലീത്ത ആത്മീക മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് വളരെയധികം എഴുതിയിട്ടുണ്ട്. ദൈവപദ്ധതി, പ്രാർത്ഥന, അനുസരണം, അയൽക്കാരനോടുള്ള സ്നേഹം, ന്യായവിധി എന്നിവയാണ് എഴുത്തുകളിലെ പ്രധാന ആശയങ്ങൾ (Weinsinck, 1923; Brock, 2006; Hagman, 2010). സ്വഭാവമഹിമയെ സംബന്ധിച്ചുള്ള ഇസഹാക്കിന്റെ ഗ്രന്ഥം സുറിയാനി എഴുത്തുകാർ വളരെയധികം ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ എഴുത്തുകളിൽ ധാരാളം രൂപാലങ്കാരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് ചരിത്രപരമായും ദൈവശാസ്ത്രപരമായും ഏറെ താൽപര്യം ജനിപ്പിക്കുന്നവയാണ്. അദ്ദേഹത്തിന്റെ എഴുത്തുകൾ സന്യാസ ജീവിതത്തെ സംബന്ധിച്ചും അതിന്റെ നിയമങ്ങളെക്കുറിച്ചും ആത്മീയ അനുഭവങ്ങളെകുറിച്ചുമുള്ളതാണ്. സ്വയപരിശോധന, ഉപവാസം, നിശബ്ദത, ഏകാന്തത എന്നിവയാണ് സ്വയത്തെ നിയന്ത്രിക്കുന്നതിനാവശ്യമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു (Wace, 1911). പ്രവർത്തികളുടെ മൂല്യം നിർണ്ണയിക്കേണ്ടത് അതു ഏത് അളവിൽ ദൈവസ്നേഹത്തിൽനിന്ന് പ്രചോദിതമായിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലായിരിരക്കണം. ഒരുവന്റെ ഉള്ളിൽ ഉയർന്നു വരുന്ന ചിന്തകളിൽനിന്ന് അവന്റെ വിശുദ്ധിയുടെ നിലവാരം അവന് മനസ്സിലാക്കാൻ കഴിയും. ദൈവത്തെ സമീപിക്കുന്നതിന് ഒരുവന് അവലംബിക്കാവുന്ന മുന്നു മാർഗ്ഗങ്ങളാണ്, സ്നേഹം, ഭയം, ആത്മീക പരിശീലനം.

